
ST.JOSEPH'S HSS
ANCHUTHENGU
AURA
2020

# സ്വാഗതം


ശ്രീ.വി.ശശി എം എൽ എ യുടെ പ്രാദേശിക വികസന ഫണ്ട്
ഉപയോഗിച്ച് നിർമ്മിച്ച ക്ലാസ്സ് റൂം
അഡ്വ.എ.സമ്പത്ത് എം പി യുടെ പ്രാദേശിക വികസന ഫണ്ട്
ഉപയോഗിച്ച് നിർമ്മിച്ച ക്ലാസ്സ് റൂം

# എഡിറ്റോറിയൽ

കൈ വിരൽത്തുമ്പിൽ അറിവിന്റെ വിശാല ലോകം.




കാലത്തിനൊപ്പം നടക്കുക.

പരിമിതികളെ സാധ്യതകളാക്കി മാറ്റുക. സാധ്യതകളിൽ അത്ഭുതം സൃഷ്ടിക്കുക. പഠനം രസകരമാക്കാൻ......പറന്നുയരാൻ *little kites.*

സാങ്കേതിക വിദ്യയുടെ നൂതന അറിവുകൾ സ്വന്തമാക്കിക്കൊണ്ടുള്ള വ്യത്യസ്ത പ്രവർത്തനങ്ങൾ...... അത് ഞങ്ങൾക്ക് തരുന്ന ആത്മവിശ്വാസം ചെറുതല്ല. അറിവിന്റെയും മികവിന്റെയും ഒരു പ്രഭാവലയം ഞങ്ങളിൽ നിന്ന് ഉളവാകുന്നതും അതുകൊണ്ടുതന്നെയാണ്. വ്യത്യസ്തതയുടെ ഒരു പ്രഭാവലയം.

അറിവിന്റെ ക്ഷേത്രത്തിൽ ജ്വലിച്ച് നിൽക്കുമ്പോൾ, സവിശേഷമായി പരിഗണിക്കപ്പെടുമ്പോൾ, മറ്റുള്ളവർ ഞങ്ങളുടെ പ്രവർത്തനങ്ങളിലേക്ക് സ്വാധീനിക്കപ്പെടുമ്പോൾ, ഞങ്ങൾ

തയ്യാറാക്കുന്ന ഈ *Digital Magazine*-ലും

അതുല്യതയുടെ  കൈയൊപ്പുണ്ട്.

*'AURA'*- പ്രഭാവലയം. അറിവിന്റെ

ഭാവനയുടെ, അനുഭവങ്ങളുടെ ജ്വലനം.

ഇതൊരു മാർഗ്ഗ ദീപമാണ് .അറിവിന്റെ പുത്തൻ

മേഖലകളിലേക്ക് മറ്റുള്ളവരെ ആകർഷിക്കാനുള്ള...

കൈപിടിച്ച് കൂടെ നടത്താനുള്ള ശ്രമം...

ഈ ഉദ്യമത്തിന്  കൂടെ നിന്ന് എല്ലാവിധ

പ്രോത്സാഹനവും മാർഗ്ഗനിർദ്ദേശവും നൽകിയ *Little Kites*

*Mistresses,Little Kites* അംഗങ്ങളായ സഹപാഠികൾ, *Magazine Editorial*

അംഗങ്ങൾ ഏവർക്കും ഹൃദയം നിറഞ്ഞ

നന്ദി

*EDITOR* *Sara Sebastian*

*SUB-EDITOR*

*Aleena Mathew*

*EDITORIAL MEMBERS*

*Cristy . S*

*Midhun .M*
*Nitheesh .B*
*Saniya .F*
*Sandeep .S*
*Sharon .S*
*Jeni .J*
*Shonija .L*



# സന്ദേശം

പ്രിയ വിദ്യാർത്ഥി വിദ്യാർത്ഥിനികളെ

നിങ്ങളുടെ ഈ സംരംഭത്തിൽ എനിക്ക് ഏറെ സന്തോഷമുണ്ട്. വിദ്യ പ്രകാശമാണ്. ഗുരുവിൽ നിന്നും ശിഷ്യന്റെ ഹൃദയത്തിലേക്ക് പകർന്നുകൊടുക്കുന്ന വിദ്യ ഒരു വ്യക്തിയുടെ ജീവിത യാത്രയിൽ വെളിച്ചമായി മാറുന്നു. അതു ജീവിതപ്രതിസന്ധികളിൽ ഉൾക്കരുത്തായി മാറ്റപ്പെടുന്നു.വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ ഹൈടെക്ക് സാങ്കേതിക

വിദ്യയുടെ അന്ത:സത്ത സ്വാംശീകരിച്ചുകൊണ്ട് ആ രംഗത്ത് പ്രശോഭിക്കുവാൻ നിങ്ങൾക്ക് കഴിയട്ടെ എന്നാംശസിക്കുന്നു. അതിന് നിങ്ങളെ പ്രാപ്തരാക്കിയ അധ്യാപകർക്കും നന്ദി അർപ്പിക്കുന്നു.

സ്നേഹപൂർവ്വം

Sherly Perera(Headmistress)

# ആശംസ

വിവരവിനിമയസാങ്കേതിക വിദ്യ വിദ്യാഭ്യാസ മേഖലയിൽ സൂക്ഷിച്ചിരിക്കുന്ന അറിവിന്റെ മായാ പ്രപഞ്ചത്തിലേക്കുള്ള ജൈത്ര യാത്രയിൽ ഞങ്ങളും അണിചേരുന്നു. ഞങ്ങളുടെ Digital Magazine 'AURA' വർണ്ണോജ്ജ്വലമായി ഭവിക്കട്ടെ. ഈ ലോകത്തെ വികാസത്തിലേക്കു നയിക്കുന്നതിനുള്ള ഏറ്റവും നല്ലൊരു മാർഗ്ഗം വായനയാണ്. നല്ല ഭാഷ കൈമുതലാക്കാൻ വായന നമ്മെ സഹായിക്കുന്നു. തൂലിക പടവാളാക്കിയ നിരവധി

സാഹിത്യാചാര്യന്മാർ നയിച്ച പാതയിലൂടെ നമ്മുക്കും മുന്നേറാം. നമ്മുടെ സ്കൂളിലെ Digital Magazine 'AURA' അതിനൊരു മാർഗ്ഗദീപമായി വർത്തിക്കട്ടെ. ആശംസകൾ നേർന്നുകൊണ്ട്

Sr Asst &

LK mistress

Raichal Jaya.S

# ആശംസ

ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ

മാഗസിൻ കുട്ടികളുടെ സർഗാത്മക രചനകളും, സ്കൂളിന്റ വേറിട്ട

പ്രവർത്തനങ്ങളുംകൊണ്ട് വളരെ മികച്ച നിലവാരം പുലർത്തുന്നു.

വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഇതിനെ ഡിജിറ്റലൈസ് ചെയ്യതിന്റെ പിന്നിൽ പ്രവർത്തിച്ച ലിറ്റിൽ കൈറ്റ്സ് അംഗങ്ങളെ പ്രത്യേകം അനുമോദിക്കുന്നു. 'AURA' എന്ന ഡിജിറ്റൽ മാഗസിൻ അറിവിന്റെ പ്രഭാവലയത്തിലേക്ക് നിങ്ങളെ കൈപിടിച്ചുയർത്തട്ടെ ..

സ്നേഹത്തോടെ

**ബിനു ജാക്സൺ**

**ലിറ്റിൽകൈറ്റ്സ് മിസ്ട്രസ്**

**ഉള്ളടക്കപ്പട്ടിക**

എഡിറ്റോറിയൽ.....3
സന്ദേശം.....6
.....7
ആശംസ.....8
ആശംസ.....9
ബിനു ജാക്സൺ.....9
ലിറ്റിൽകൈറ്റ്സ് മിസ്ട്രസ്.....9

AURA


അമ്മ.....12
കണ്ണുനീർമുത്തുകൾ.....14
ആസാമിലേക്കുള്ള വിമാനയാത്ര.....16
എന്റെ വിദ്യാലയം.....18
തോന്നില്ല. അലീന XA.....19
എന്റെ ലോകം.....20
CHILDREN’S DAY CELEBRATION.....21
തെന്നാലി രാമൻ.....22
ഇന്ത്യ നടപ്പാക്കിയ പ്രധാന പരിസ്ഥിതി നിയമങ്ങൾ.....24
ലോകത്തിലെ ഏറ്റവും.....25
വലിയ സ്കൂൾ.....25
പരിസ്ഥിതി സംരക്ഷണം ജീവിതം.....28
ലക്ഷ്യമാക്കണം.....28
കുട്ടികളുടെ അവകാശങ്ങൾ.....32
മനുഷ്യനും പ്രകൃതിയും.....34
‘വായിച്ചാൽ വളരും.....37
വായിച്ചില്ലെങ്കിൽ വളയും'.....37
ആഗോളതാപനവും അതിപ്രളയസാധ്യതകളും.....40
വേര് പിടിപ്പിക്കാൻ ജൈവ ഹോർമോണുകൾ.....42
കാരുണ്യം നിറഞ്ഞ മനസ്സ്.....48
.....52
ഓണത്തുമ്പിയുടെ കഥ.....52
എന്റെ അമ്മ.....56
രാജാവിന്റെ കഥ.....58
നല്ല സൗഹൃദം.....61
ആഗോളതാപനവും അതിപ്രളയസാധ്യതകളും.....62
ലിഥിയം അയോൺ ബാറ്ററി.....67
ഇന്നലെ , ഇന്ന് , നാളെ.....67
എന്നാലും ഓർത്തില്ലല്ലോ!.....71
പൊതുവിജ്ഞാനം(മികച്ച വനിതകൾ).....74
പൊതുവിജ്ഞാനം.....78
കേരളചരിത്രം ക്വിസ്.....80
അനുഭവക്കുറിപ്പ്.....82
വന്യജീവി സംരക്ഷണ നിയമം.....85
*OHWUHAM*.....91
REVIEW.....96
Sandeep 9A.....100

AURA

Carol Elvin Fernandez 6A....102
സംസ്ഥാന കരാട്ടെ ജേതാവ് ,സാനിയ സോളമൻ....106

# അമ്മ



അമ്മ ലോകത്തിന്റെ വിളക്കാണ്.അമ്മ
നല്ലൊരു മരുന്നാണ് നമ്മുടെ മനസ്സിന്റെ
വേദനയക്ക്

നന്മയുടെയും സഹനത്തിന്റെയും നിറകുടമാണ്

അമ്മ.കുടുംബന്ധങ്ങളെ നിലനിർത്തുന്ന വേരാണ്

അമ്മ. ദൈവത്തെപ്പോലെയാണ് അമ്മയെ

കാണുന്നത്.അമ്മ ശക്തിയാണ്.അമ്മയില്ലാതെ ഒരു കുഞ്ഞിനും
ഈലോകത്ത് ജീവിക്കാൻ കഴിയില്ല.

നാം തളർന്നുപോകുന്ന നേരത്ത് നമ്മെ കൈപിടിച്ച്

ഉയർത്തുന്നത് അമ്മയാണ്.ഏതു മുറുവിനെയും അമ്മയ്ക്ക്

ഉണക്കാൻ കഴിയും.കുട്ടികളെ വൽസല്യപൂർവം പരിചരിച്ച
വളർത്തുന്നത് അമ്മയാണ് .ഒരു സ്ത്രീക്ക്

മാത്രമെ ഒരു അമ്മയാകാൻ കഴിയു.ഒരു സ്ത്രീയുടെ വിശ്വരൂപമാണ്
അമ്മ.

**BY**

**Sharon S**

**9A**

# കണ്ണുനീർമുത്തുകൾ

ഒരിടത്തൊരിടത്ത് ഒരു ഗ്രാമത്തിൽ ഒരു ദരിദ്രകുടുംബം താമസിച്ചിരുന്നു. അവർക്ക് ഒരു മുടിയനായ പുത്രൻ ഉണ്ടായിരുന്നു.അവനെ ഓർത്ത് ആ മാതാപിതാക്കൾ വിലപിച്ചിരുന്നു. അവൻ മദ്യം മയക്കുമരുന്ന് പോലുള്ള ദുശ്ശീലങ്ങൾക്ക് അടിമയായിരുന്നു. അവനെ ഓർത്ത് ആ അമ്മയുടെ കണ്ണിൽ നിന്ന് എപ്പോഴും കണ്ണുനീർമുത്തുകൾ പൊഴിയുമായിരുന്നു. അവൻ അങ്ങനെ തന്നെ തുടർന്നു.ഒരു ദിവസം അവൻ അവന്റെ കൂട്ടുകരെ കണ്ടുമു

**By**

**Stephy**



# ആസാമിലേക്കുള്ള വിമാനയാത്ര

കിട്ടിയെനിക്കൊരവസരമൊത്തു കിട്ടി.....

കുട്ടികളോടൊപ്പമുണ്ടൊരു വിമാനയാത്ര.

കുട്ടിക്കാലം മുതലുള്ളോരായെന്റെ സ്വപ്നം.

അങ്ങനെയങ്ങനെ വീണുകിട്ടി.......

തറയിലൂടോടുന്ന വണ്ടിയിൽക്കേറിയ

ഞാനൊന്നുഞെട്ടിയീ ആകാശയാത്ര.

മേഘങ്ങൾക്കിടയിൽ ഊളിയിട്ടങ്ങനെ

മോഹങ്ങളൊക്കെ ഞാൻ യാഥാർത്ഥ്യമാക്കി

തെല്ലൊരു പേടിയെനിക്കില്ലാതെയില്ല

തൊണ്ട ഉറന്നൊട്ടുമലറാനും വയ്യ...

അരയിലെ ബെൽറ്റിനെ മുറുകെ പിടിച്ചു ഞാൻ

അറിയുന്ന ദൈവത്തെയൊക്കെ വിളിച്ചുപോയി

ക്ഷണനേരം കൊണ്ടിത ആസാമിലെത്തി.

ക്ഷണിക്കപ്പെട്ടോരതിഥിയായ്

ആവേശമോടെ ഓർമ്മയിലൊരിക്കലും

മായില്ല ഈ യാത്ര ഓരോരോ കാതങ്ങൾ

# മറഞ്ഞാലും.......

BY

Stephy John

P.E.T അദ്ധ്യാപിക.

# എന്റെ വിദ്യാലയം

വിദ്യാലയം എന്നാൽ വിദ്യപകരുന്ന ആലയം
എന്നാണ്.ആദ്യമായി വിദ്യാലയത്തിൽ
കരഞ്ഞുകൊണ്ടാണ് വരുന്നത്.വർഷങ്ങൾ കഴിഞ്ഞ്
തിരിച്ച് പോകുന്നതും കരഞ്ഞുകൊണ്ടാണ്.
വിദ്യാലയത്തിൽ പുസ്തകത്തിലെ പാഠം മാത്രമല്ല
ജീവിതത്തിന്റെ പാഠവും പഠിക്കുന്നു. നമ്മുടെ മറ്റൊരു
അമ്മയാണ് ടീച്ചർ.അവർ നമ്മെ തല്ലുന്നതും ശകാരിക്കുന്നതും
നമ്മുടെ നന്മയ്ക്കാണ് .ക്ലാസിനുള്ളിൽ
അവർ നമ്മുടെ ടീച്ചറും ക്ലാസിന്
പുറത്ത് ഒരു നല്ല സുഹൃത്തുമാണ്.

വിദ്യാലയത്തിൽ സുഹൃത്തിനെ കിട്ടുന്നു.
നമ്മൾ അവരുമായി എല്ലാം പങ്കുവെയ്ക്കും വീട്ടിലെ
കാര്യങ്ങൾ, നമ്മുടെ ഭക്ഷണങ്ങൾ അങ്ങനെ എല്ലാം
പങ്കുവെക്കാറുണ്ട്.വിദ്യാലയം എന്നാൽ നമ്മൾ
കാണുന്ന കുറെ അധികം കെട്ടിടങ്ങൾ മാത്രമല്ല.

അതിനുള്ളിൽ കയറിയാൽ പുറത്ത് ഇറങ്ങാൻ

**തോന്നില്ല.**

**അലീന XA**



# എന്റെ ലോകം

മരങ്ങളും ചെടികലും പൂക്കളും മൃഗങ്ങളും പക്ഷികളും നിറഞ്ഞ നമ്മുടെ പ്രകൃതി എത്ര സുന്ദരമാണ്,എത്ര മനോഹാരമാണ്.എല്ലാ ജീവജാലങ്ങൾക്കും വസിക്കാൻ കഴിയുന്ന രീതിയിലാണ് ഇത് വിഭാവനം ചെയ്തിരിക്കുന്നത്. നീരുറവയായി ഒഴുകുന്ന ശുദ്ധജ ജലത്തിന്റെ സ്വരം ശ്രവിക്കാൻ നല്ല രസമാണ് പക്ഷികളുടെ ചിലക്കലും മരച്ചില്ലകളുടെ ശബ്ദവും കേൾക്കാൻ കഴിയും. വിവിധ തരം ഫലങ്ങളും ഔഷധചെടികളും കൊണ്ട് സമൃദ്ധമാണ് നമ്മുടെ പ്രകൃതി. മഴ പെയ്ത് കഴിയുമ്പോൾ ആകാശത്ത് നോക്കിയാൽ പലനിറങ്ങൾ ഉള്ള മഴവില്ല് കാണാം, പ്രകൃതിയുടെ മനോഹരിത കാണാൻ കഴിയുന്നത് ദൈവം തന്ന ഭാഗ്യമാണെന്ന് നാം കരുതണം.



പരസ്പരസ്നേഹത്തിലും സഹവർത്തിത്വത്തിലും കഴിഞ്ഞാൽ നമ്മുടെ ജീവിതം സ്വർഗ്ഗതുല്യമാകും. നമ്മുടെ പ്രകൃതിയെ

മലിനമാക്കാതെ, ചൂഷണം ചെയ്യാതെ പരിപലിക്കുകയാണ്

വേണ്ടത്. അതിനായി നമുക്ക് പരിശ്രമിക്കാം

**ആഷ്മി 10A**




## CHILDREN’S DAY CELEBRATION

# തെന്നാലി രാമൻ

ഞാൻ വായിച്ച ഒരു കഥയായിരുന്നു തെന്നാലി രാമൻ.

ഈ കഥ എഴുതിയത് ജോർജ്ജ് ഇമ്മട്ടിയാണ്.

ഈ കഥവായിക്കുമ്പോൾ ഏറെ നല്ല ഗുണപാഠങ്ങൾ പഠിക്കാൻ സാധിക്കും. അതുകൊണ്ടാണ് ഞാൻ തെന്നാലി രാമൻ എന്ന കഥ വായിക്കുവാനും അതിനെ കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കിയത്.

ഞാൻ വായിച്ച തെന്നാലി രാമൻ എന്ന കഥയിൽ തെന്നാലിരാമൻ എപ്പോഴും മരിക്കാനുള്ള സന്ദർഭമാണ് ലഭിക്കുന്നത്.

എന്നാൽ രാമൻ ഏതെങ്കിലും മണ്ടത്തരം കാണിച്ച് രക്ഷപ്പെട്ടും. പക്ഷേ

100,1000 പൊൻപണമാണ് ആ രാജ്യത്തിലെ രാജാവ് നൽകുന്നത്. ഇങ്ങനെ എല്ലാദിവസവും രാജാവിന്റെ കൊട്ടാരത്തിൽ പോയി രാജാവ് പറയുന്ന കാര്യം ചെയ്യാൻ പറയും അത് തെന്നാലിരാമൻ ഉറപ്പായും ചെയ്തിരിക്കും.

അങ്ങനെ തെന്നാലിരാമന് സംഭവിച്ച കഥ പറയാം.

ഒരു ദിവസം രാജാവ് തെന്നാലിയോട് പറഞ്ഞു ഒരു നായയുടെ ചുരുണ്ടിരിക്കുന്ന വാൽ നേരെയാക്കാൻ കൽപ്പിച്ചു. തെന്നാലിരാനൻ കുറച്ച്നാൾ നായയ്ക്ക് ഭക്ഷണം നൽകിയില്ല. അതിനുശേഷം രാജാവിന് കാണിച്ചുകൊടുത്തു. അപ്പോൾ രാജാവ് തെന്നാലിരാമന് 1000 പൊൻപണം നൽകി.

പാമ്പുകടിയേറ്റാണ് തെന്നാലിരാമൻ മരിച്ചത്.ഇതോടെ എന്റെ കുറിപ്പ് അവസാനിച്ചു.

**by**

**RAJESH . R**

# ഇന്ത്യ നടപ്പാക്കിയ പ്രധാന പരിസ്ഥിതി നിയമങ്ങൾ



1974- ൽ പാർലമെന്റ് ജലമലിനീകരണ നിരോധന നിയന്ത്രണ നിയമം പാസാക്കി. 1981- ൽ വായു നിയമം പാസാക്കി. ഭരണഘടന നടപ്പാക്കപ്പെടുന്ന സമയത്ത് വനം, വന്യജീവികൾ ഇവ രണ്ടു വിഷയങ്ങളും സംസ്ഥാന ലിസ്റ്റിലായിരുന്നു. 1976- ൽ ഒരു ഭരണഘടനാ ഭേദഗതി മുഖേന സംയുക്ത ലിസ്റ്റിലേക്ക് മാറ്റി. അതോടെ പ്രസ്തുത വിഷയങ്ങളിൽ കേന്ദ്രത്തിനും നിയമനിർമാണാധികാരം നൽകപ്പെട്ടു. അതിനുമുമ്പ് 1972- ൽ വന്യജീവി സംരക്ഷണ നിയമം പാസാക്കിയിരുന്നു. 1991- ൽ പ്രസ്തുത നിയമത്തിൽ ഭേദഗതി കൊണ്ടുവരികയും വന്യമൃഗവേട്ടയ്ക്ക് ലൈസൻസ് കൊടുക്കുന്നത് അവസാനിപ്പിക്കുകയും ചെയ്തു. 1980- ൽ പാർലമെൻറ് വനസംരക്ഷണ നിയമം പാസാക്കി. 1986- ൽ പരിസ്ഥിതി സംരക്ഷണനിയമവും പാസാക്കി. അങ്ങനെ ജൈവമണ്ഡലത്തിൻെറ എല്ലാ ഘടകങ്ങൾക്കും സംരക്ഷണം നൽകാൻ പര്യാപ്തമായ നിയമങ്ങൾ ഇന്ത്യയും നിർമിച്ച് നടപ്പിലാക്കി.

# ലോകത്തിലെ ഏറ്റവും

# വലിയ സ്കൂൾ

കുട്ടികളുടെ എണ്ണം പരിഗണിച്ചാൽ ലോകത്തിലെ ഏറ്റവും വലിയ സ്കൂൾ എന്ന ഗിന്നസ് റെക്കോർഡ് നേടിയ വിദ്യാലയം ഇന്ത്യയിലാണ് സ്ഥിതി ചെയ്യുന്നത്. ഉത്തർപ്രദേശിന്റെ തലസ്ഥാനമായ ലക്നൗ നഗരത്തിലാണ് ഈ വിദ്യാലയം. സിറ്റി മോണ്ടി സോറി സ്കൂൾ എന്നാണ് പേര്.

56,000 കുട്ടികളാണ് ഇവിടെ പഠിക്കുന്നത്. ആയിരത്തോളം ക്ലാസ്സ് മുറികളുള്ള ഈ ഭീമൻ വിദ്യാലയത്തിൽ നാലായിരത്തോളം ജീവനക്കാരുണ്ട്. ലക്നൗ സിറ്റിയിൽ

ഇരുപതോളം കാനൂസുകളാണ് മോണ്ടി സോറി സ്കൂളിനുള്ളത്.

1959-ൽ ജഗദീഷ് ഗാന്ധി എന്നയാളാണ് അഞ്ചു വിദ്യാർഥികളുമായി സ്കൂൾ ആരംഭിച്ചത് . സർക്കാരിന്റെ സഹായമില്ലാതെ ഈ പള്ളിക്കൂടത്തിൽ രക്ഷിതാക്കളിൽ നിന്ന് ഫീസ് ഈടാക്കുന്നുണ്ട്.ജയ് ജഗത് എന്ന ഇവിടെ

പ്രീ പ്രൈമറി മുതൽ പന്ത്രണ്ടാം ക്ലാസ് വരെയാണുള്ളത്.

2018-ൽ കേരളം പ്രളയദുരന്തം അനുഭവിച്ചപ്പോൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് എട്ട് ലക്ഷം രൂപ ഈ വിദ്യാലയം സംഭാവന ചെയ്തിരുന്നു. ലക്നൗവിലെ

കേരള സമാജം പ്രവർത്തകർ വഴിയാണ് ഈ തുക നൽകിയത്.

# പരിസ്ഥിതി സംരക്ഷണം ജീവിതം ലക്ഷ്യമാക്കണം

എന്താണ് പരിസ്ഥിതി? ഈ ഭൂമിയിൽ കാണുന്ന എല്ലാ ജീവജാലങ്ങളും ഉൾപ്പെട്ടതാണ് പരിസ്ഥിതി. നമ്മുടെ പരിസ്ഥിതി ഇന്ന് ആപത്തിൽപ്പെട്ടിരിക്കുകയാണ്. നമ്മുടെ പരിസ്ഥിതിയെ കാർന്നു തിന്നുന്ന പ്രവൃത്തികൾ ചെയ്യുന്നത് നമ്മൾ തന്നെയാണ്. പരിസ്ഥിതി നശീകരണത്തിന്റെ പ്രധാനകാരണമായി ശാസ്ത്രലോകം ചൂണ്ടി-ക്കാട്ടുന്നത് വനനശീകരണമാണ്.

ഇന്ന് നമ്മുടെ ഭൂമിയുടെ ഏറ്റവും വലിയ തലവേദനയാണ് വനനശീകരണം.

വനനശീകരണം നമ്മുടെ ഭൂമിയുടെ സന്തുലിതാവസ്ഥടെ തകിടം മറിക്കുന്നു. പരിസ്ഥിതിയെ

നശിപ്പിക്കുന്നു. മനുഷ്യനും ജീവജാലങ്ങളും ഒരേ ചങ്ങലയിലെ രണ്ടു കണ്ണികളാണ്. വനനശീകരണ-

ത്തിലൂടെ ജീവജാലങ്ങൾ എന്ന കണ്ണി ഇല്ലാതാകുന്നു. ഒരു കണ്ണിയില്ലാതെ ചങ്ങലയ്ക്ക് നിലനിൽപ്പില്ല.

അതിനാൽ പരിസ്ഥിതിയെ നശിപ്പിച്ചാൽ നമ്മുടെ മനുഷ്യവർഗം ദിനോസറുകളെപ്പോലെ ഭൂമിയിൽ

നിന്ന് തുടച്ചുനീക്കപ്പെടുമെന്ന് ശാസ്ത്രലോകം മുന്നറിയിപ്പു നൽകുന്നു. വനാന്തരങ്ങളിൽ പുറം ലോകവു-

മായി യാതൊരു ബന്ധവുമില്ലാത്ത ഒരു വിഭാഗം മനുഷ്യർ ജീവിക്കുന്നുണ്ട്. വനനശീകരണം മൂലം

ഈ ഗോത്രവിഭാഗങ്ങളിൽ പലതും നശിച്ചു കൊണ്ടിരിക്കുന്നു. ഇന്റർനാഷണൽ യൂണിയൻ ഫോർ

കൺസർവേഷൻ ഓഫ് നേച്ചറിന്റെ റെഡലിസ്റ്റ് പ്രകാരം 20,000-ത്തിൽ അധികം ജീവജാലങ്ങൾ

ഇന്ന് ഭൂമുഖത്ത് നിന്ന് അപ്രത്യക്ഷമായിരിക്കുന്നു. ഇതിൽ നമ്മുടെ ദേശീയ മൃഗമായ കടുവയും പെടും.

വർദ്ധിച്ചുവരുന്ന ജീവിവിനാശത്തിന്റെ മൂലകാരണങ്ങളിൽ ഒന്നായി അവർ ചൂണ്ടിക്കാട്ടുന്നത്

വനനശീകരണമാണ്. ഈ സ്ഥിതിഗതി കണക്കിലെടുത്ത് നമുക്കും പരിസ്ഥിതി സംരക്ഷണത്തിൽ പങ്കാളികളാകാം.

ജീവനെ കാക്കുന്ന ഹരിതഭൂമി വീണ്ടെടുക്കാനായി വനങ്ങൾ കാത്തുസൂക്ഷിക്കേണ്ടത് നമ്മുടെ കർത്തവ്യമാണ്. ഓർക്കുക നമ്മൾ പ്രകൃതിയോട് കാണിക്കുന്ന ക്രൂരത നമുക്ക് തന്നെയാണ് ദോഷ-മായി മാറുക.

പരിസ്ഥിതി പ്രാധാന്യം തിരിച്ചറിഞ്ഞ് വൃക്ഷത്തൈ നട്ടുപിടിപ്പിച്ചും വൃക്ഷങ്ങൾ സംരക്ഷിച്ചും പരിസരം ശുചിയായി സൂക്ഷിച്ചും കാർഷിക പ്രവർത്തനങ്ങളിൽ പങ്കെടുത്തും ജലാശയങ്ങളും ജൈവ-വൈവിധ്യങ്ങളും മലിനീകരിക്കപ്പെടാതെ കാത്തുസൂക്ഷിച്ചും ഊർജസംരക്ഷണം ശീലമാക്കിയും നമുക്കേവർക്കും പരിസ്ഥിതി സംരക്ഷണത്തിൽ പങ്കാളികളായി നല്ലൊരു നാളെക്കായി

പരിശ്രമിക്കാം.

അമ്മയായ പ്രകൃതിക്കുവേണ്ടിയും,

കാലാന്തരത്തിൽ  വന്നെത്തുന്ന വരും തലമുറയ്ക്ക്

വേണ്ടിയും സമൃദ്ധവും പവിത്രവുമായ ഭൂമിയെ

കാത്തുസൂക്ഷിക്കുക എന്നത്  നമ്മുടെ കടമയും

ഭൂമിക്കുള്ള കടം വീട്ടലും കൂടിയാണെന്ന് ഓർമിപ്പിച്ചു കൊണ്ട്

നിർത്തുന്നു.

# കുട്ടികളുടെ അവകാശങ്ങൾ

കുട്ടികളെ സ്നേഹിക്കുന്ന ഭരണഘടനയാണ് നമ്മുടേത്. അവർക്കുവേണ്ടി പ്രത്യേക വ്യവസ്ഥകൾ ആകാം എന്നു പറയുന്ന 15- ാം അനുഛേദത്തെക്കുറിച്ച് നാം പഠിച്ചു. 24- ാം അനുഛേദം ബാലവേല നിരോധിക്കുന്നു. നിർദ്ദേശകതത്ത്വങ്ങളിൽ ചിലത് കുട്ടികളുടെ ആത്മാഭിമാനവും സ്വാതന്ത്ര്യവും പരിരക്ഷിക്കേണ്ടതിനെക്കുറിച്ച് പറയുന്നു. കൊച്ചുകുട്ടികളെ മുതിർന്നവർ തങ്ങളുടെ സങ്കുചിത ലക്ഷ്യങ്ങൾക്കായി ദുരുപയോഗപ്പെടുത്തരുതെന്ന് 39 (ഇ) അനുഛേദത്തിൽ സൂചനയുണ്ട്.

1989- ൽ ബാലാവകാശങ്ങളെ സംബന്ധിച്ച ഐക്യരാഷ്ട്ര പ്രഖ്യാപനം ഉണ്ടായി. അതുവരെയുണ്ടായ പ്രഖ്യാപനങ്ങൾ പലതും ക്രോഡീകരിക്കപ്പെട്ടു. 1993- ലെ മനുഷ്യാവകാശങ്ങളെ സംബന്ധിച്ച വിയന്നാ കൺവെൻഷനും ബാലാവകാശങ്ങളെ അംഗീകരിച്ചു.

പൊതുവെ പറഞ്ഞാൽ , സംരക്ഷണത്തിനുള്ള അവകാശമാണ് കുട്ടികളുടെ പ്രാഥമികമായ അവകാശം.

ബാലാവകാശങ്ങളെ സംബന്ധിച്ച അന്താരാഷ്ട്ര പ്രഖ്യാപനം ഇന്ത്യ 1992 ഡിസംബറിൽ അംഗീകരിച്ചു. പിന്നീട് ബാലനീതിക്കുവേണ്ടി നാമൊരു പ്രത്യേക നിയമംതന്നെ നിർമ്മിച്ചു- 2000- ലെ ബാല നീതിനിയമം.

സാധാരണ ക്രിമിനൽ നിയമവും ക്രിമിനൽ നടപടിക്രമവും അല്ല, കുട്ടികളുടെ കാര്യത്തിൽ വേണ്ടത് എന്ന് ഈ നിയമം പറയുന്നു.

2002 ഡിസംബർ 12- ാം തിയതി പാർലമെൻറ് ഭരണഘടന ഭേദഗതി ചെയ്ത് അതിൽ 21 എ, എന്ന ഒരു അനുഛേദം മൂന്നാം ഭാഗത്തിൽ കൂട്ടിച്ചേർത്തു. 21 എ , വിദ്യാഭ്യാസത്തിനുള്ള അവകാശത്തെക്കുറിച്ച് പറയുന്നു.

6 വയസ്സിനും 14 വയസ്സിനും ഇടയ്ക്കുള്ള എല്ലാ കുട്ടികൾക്കും സൗജന്യവുംനിർബന്ധവുമായ വിദ്യാഭ്യാസവും രാഷ്ട്രം ഏർപ്പാടുചെയ്തുകൊടുക്കണം. അതെങ്ങനെ വേണമെന്ന് രാഷ്ട്രിയത്തിന് നിയമം മുഖേന നിർണ്ണയിക്കാം. ഈ കാര്യത്തിലുള്ള വീഴ്ച ഇനിയും തുടരാവുന്നതല്ല.

# മനുഷ്യനും പ്രകൃതിയും



'മനുഷ്യന് ആവശ്യത്തിനുള്ളതെല്ലാം ഭൂമിയിലുണ്ട്, പക്ഷേ, ആർത്തിതീർക്കാൻ

വേണ്ടത്ര ഇല്ല' എന്ന് പറഞ്ഞത് നമ്മുടെ രാഷ്ട്രപിതാവായ മഹാത്മഗാന്ധിയാണ്.

ഭക്ഷണത്തിനും വസ്ത്രത്തിനും പാർപ്പിടത്തിനുമെല്ലാം മനുഷ്യൻ പ്രകൃതിയെ മാത്രം

ആശ്രയിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. പിന്നീടുള്ള മനുഷ്യന്റെ കണ്ടുപിടിത്ത-

ങ്ങൾ ജീവിതത്തെ പുരോഗതിയിലേക്ക് നയിച്ചു. അതോടെ പ്രകൃതി നമ്മുടെ

മാത്രമല്ല എല്ലാ ജീവജാലങ്ങളുടേതും കൂടിയാണ് എന്ന കാര്യം നാം മറന്നു.

മനുഷ്യൻ പ്രകൃതിയിൽ നിന്നകന്നു. തങ്ങൾക്കാവശ്യമുള്ളത് എടുക്കാവുന്ന,

വിറ്റഴിക്കാവുന്ന വെറും മണ്ണായി മനുഷ്യൻ ഭൂമിയെ
കണ്ടുതുടങ്ങി.

സ്വാർത്ഥതയോടെ, ലാഭക്കൊതിയോടെ മനുഷ്യൻ പ്രവർ
ത്തിച്ചുതുടങ്ങിയതോടെ

വായുവും വെള്ളവും മണ്ണും എല്ലാം മലിനമായി. ഭാവിയെതന്നെ
ആശങ്കയിൽ ആഴ്ത്തും

വിധം അത് ഭയാനകമായിക്കഴിഞ്ഞു. ഡൽഹിയിലെ
വായുമലിനീകരണവും രാജ്യത്തെ

ജലലഭ്യതയുടെ കുറവുമെല്ലാം നമ്മെ ഓർമിപ്പിക്കുന്നത്
പരിസ്ഥിതി സംരക്ഷണത്തിന്റെ

ആവശ്യകതയാണ്. മനുഷ്യന്റെ ദുരമൂലം പ്രകൃതിയിൽ നിന്ന്
പല ജീവജാലങ്ങളും അപ്ര-

ത്യക്ഷമായിക്കഴിഞ്ഞു. അയിനിയുടെയും പ്ലാവിന്റെയും ചുവട്ടിൽ
വംശവർദ്ധനവിനായി

വീഴ്ത്തുന്ന കുരുപോലും മനുഷ്യൻ തിന്നാനായി പെറുക്കിയെടുക്കും
എന്ന് തേൻവരിക്കയിൽ

നാരായൻ പറയുന്നു. വിത്തെടുത്തുണ്ണാനും മടിയില്ലാത്ത
മനുഷ്യന്റെ മനോഭാവത്തെ

# വിമർശിക്കുകയാണ് എഴുത്തുകാരൻ

**ഷാരോൺ 9A**

# 'വായിച്ചാൽ വളരും

# വായിച്ചില്ലെങ്കിൽ വളയും'




-കുഞ്ഞുണ്ണി മാഷ്

" വായിച്ചുവളർന്നാൽ

വിളയും

വായിക്കാതെ വളർന്നാൽ

വളയും"

ഇത് എത്രയോ സത്യമാണ്. ബുദ്ധിയുടെയും മനസ്സിന്റെയും വളർച്ചയ്ക്കൊപ്പമേ ജീവിതത്തിൽ

വിജയം ഉണ്ടാവൂ. ബുദ്ധിയുടെയും മനസ്സിന്റെയും വളർച്ചയ്ക്കുള്ള വളമാകുന്നത് വായനയാണ്.

ഇത് തിരിച്ചറിഞ്ഞ് മലയാളിയെ അക്ഷരത്തിന്റെ വെളിച്ചത്തിലേക്കും വായനയുടെ

അദ്ഭുതലോകത്തിലേക്കും കൈപിടിച്ച് നടത്തിയ മഹാനാണ് പി.എൻ.പണിക്കർ.

അദ്ദേഹത്തിന്റെ ചരമദിനമായ ജൂൺ 19 മലയാളികൾ വായനാദിനമായി ആചരിക്കുന്നു.

വായന ചിലർക്കൊരു ഹരം കൂടിയാണ്. നമ്മെ അറിവിന്റെ ലോകത്തേക്ക് എത്തിക്കുന്ന

വഴിയാണ് വായന.

വായിക്കുമ്പോൾ ചിന്തിക്കേണ്ട ചിലകാര്യങ്ങൾ;

നല്ല പുസ്തകങ്ങൾ തിരഞ്ഞെടുത്ത് വായിക്കുക.

വായിക്കുന്നതോടൊപ്പം വായിക്കുന്ന കാര്യങ്ങളെക്കുറിച്ച് ചിന്തിക്കുക.

വായനയിലൂടെ ഭാവനയിലേക്ക് സഞ്ചരിക്കുവാൻ ശ്രമിക്കുക.

# ഇന്ത്യ നടപ്പാക്കിയ പ്രധാന പരിസ്ഥിതി നിയമങ്ങൾ



1974- ൽ പാർലമെന്റ് ജലമലിനീകരണ നിരോധന നിയന്ത്രണ നിയമം പാസാക്കി. 1981- ൽ വായു നിയമം പാസാക്കി. ഭരണഘടന നടപ്പാക്കപ്പെടുന്ന സമയത്ത് വനം, വന്യജീവികൾ ഇവ രണ്ടു വിഷയങ്ങളും സംസ്ഥാന ലിസ്റ്റിലായിരുന്നു. 1976- ൽ ഒരു ഭരണഘടനാ ഭേദഗതി മുഖേന സംയുക്ത ലിസ്റ്റിലേക്ക് മാറ്റി. അതോടെ പ്രസ്തുത വിഷയങ്ങളിൽ കേന്ദ്രത്തിനും നിയമനിർമാണാധികാരം നൽകപ്പെട്ടു. അതിനുമുമ്പ് 1972- ൽ വന്യജീവി സംരക്ഷണ നിയമം പാസാക്കിയിരുന്നു. 1991- ൽ പ്രസ്തുത നിയമത്തിൽ ഭേദഗതി കൊണ്ടുവരികയും വന്യമൃഗവേട്ടയ്ക്ക് ലൈസൻസ് കൊടുക്കുന്നത് അവസാനിപ്പിക്കുകയും ചെയ്തു. 1980- ൽ പാർലമെൻറ് വനസംരക്ഷണ നിയമം പാസാക്കി. 1986- ൽ പരിസ്ഥിതി സംരക്ഷണനിയമവും പാസാക്കി. അങ്ങനെ ജൈവമണ്ഡലത്തിൻെറ എല്ലാ ഘടകങ്ങൾക്കും സംരക്ഷണം നൽകാൻ പര്യാപ്തമായ നിയമങ്ങൾ ഇന്ത്യയും നിർമിച്ച് നടപ്പിലാക്കി.

# ആഗോളതാപനവും അതിപ്രളയസാധ്യതകളും

ഷോണിജ ജെ 9A

അണുവായുധശേഖരവും പേറി സൗരമണ്ഡല പെരുവഴിയിലൂടെ സഞ്ചരിക്കുമ്പോൾ അപ്രതീക്ഷിതമായി ഭൂമിയുടെ അന്ത്യം സംഭവിക്കുന്ന ഭൂമിയോടൊപ്പം സകല ജീവജാലങ്ങളും ചാമ്പലാകും. ഹരിത സമൃദ്ധിയുടെ കഞ്ചുകം നീക്കി അമ്മയുടെ മുലപ്പാൽ ആവോളം കുടിച്ച് വീർത്തവർ തന്നെ പ്രകൃതിയെ ഭൂമിയുടെ നാശത്തിലേക്ക് തള്ളിവിടുന്ന കാഴ്ചയാണ് കാണുന്നത്. മക്കളാൽ അപമാനിക്കപ്പെട്ട അമ്മയാണ് ഭൂമി . കേരളത്തിൻെറ കവി ഒ എൻ വി ഭൂമിക്കൊരുചരമഗീതം എന്ന കവിതയിൽ മനുഷ്യവർഗത്തിൻെറ പരമവിനാശത്തിൻെറ ചിത്രം മെനഞ്ഞു കാട്ടുന്നു.

ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്ന അതിപ്രളയത്തിൻെറ ഒരു പ്രധാന കാരണം ആഗോളതാപനവും തന്മൂലമുള്ള കാലാവസ്ഥ വ്യതിയാനവുമാണെന്നാണ് വിദഗ്ധർ അഭിപ്രായപ്പെടുന്നത്. കാലാവസ്ഥ വ്യതിയാന സാഹചര്യങ്ങളുടെ പ്രകടമായ ലക്ഷണം അന്തരീക്ഷതാപവർധനവാണ്. ചൂടേറുമ്പോൾ വായുവിൻെറ ഈർപ്പഗ്രാഹശേഷി വർധിക്കുന്നു. അന്തരീക്ഷ താപനിലയിൽ ഉണ്ടാകുന്ന ഓരോ ഡിഗ്രി സെൽഷ്യസ് വർധനവും വായുവിൻെറ ഈർപ്പഗ്രാഹശേഷി ഏഴ് ശതമാനം വർധിപ്പിക്കും. ഈർപ്പ സമ്പന്നമായ വായുവിൽ നിന്ന് രുപം

കൊള്ളുന്ന മേഘങ്ങളിൽ ജലാംശം കൂടുതലായിരിക്കും. അതായത്, ആഗോളതാപന സാഹചര്യങ്ങളിൽ കൂടുതൽ അളവിൽ ജലാംശമുള്ള മേഘങ്ങൾ രൂപീകരിക്കപ്പെടാനുള്ള സാധ്യത കൂടുതലാണ്. ഇപ്പോൾ നമ്മുടെ സംസ്ഥാനത്ത് രൂപം കൊള്ളുന്ന മൺസൂൺ മേഘങ്ങൾ ഈ ഗണത്തിൽപ്പെട്ടവയായിരിക്കും. അധിക ജലസാനിദ്ധ്യം മൂലം കനമേറിയ ഇത്തരം മഴമേഘങ്ങളിൽ നിന്നാവാം ഇപ്പോൾ ലഭിക്കുന്ന അതിതീവ്രമഴ  ലഭിക്കുന്നത്.

# വേര് പിടിപ്പിക്കാൻ ജൈവ ഹോർമോണുകൾ

നാട്ടറിവ്

മാതൃവൃക്ഷത്തിന്റെ അതേഗുണം ലഭ്യമാകുമെന്ന് ചില തരം സസ്യങ്ങളിൽ പ്രാവർത്തികമാക്കാൻ കഴിയുന്ന പ്രവർത്തന രീതിയാണ് കമ്പുകൾക്കും വള്ളികൾക്കും

വേര് പിടിപ്പിച്ച തൈകൾ ഉൽപ്പാദിപ്പിക്കുകയെന്നത്.

ഒരേ സമയം ധാരാളം തൈകൾ ഉൽപ്പാദിപ്പിക്കാൻ ഇതുവഴി കഴിയുമെന്നത് ഈ രീതിയുടെ പ്രത്യേകത -

യാണ്. മിക്കപ്പോഴും മുറിച്ചുനട്ട നടീൽ വസ്തുവിന്റെ മുളക്കൽ ശതമാനതോത് വേണ്ടത്ര തൃപ്തികരമായിരി -

ക്കില്ല എന്നത് പോരായ്മയാണ്. ഇത് പരിഹരിക്കു -

ന്നതിന് വേര് പിടിക്കാൻ സഹായകരമായ ഒട്ടേറെ രാസഹോർമോണുകൾ പൗഡർ രൂപത്തിലും മാർക്കറ്റുകളിൽ ലഭിക്കുന്നുണ്ട്. കുറഞ്ഞ ചെലവിൽ ആവശ്യാനുസരണം നമുക്ക് തന്നെ തയ്യാറാക്കാൻ കഴിയുന്ന ചില ജൈവ ഹോർമോണുകളെ കുറിച്ചും ഉപയോഗരീതിയെ കുറിച്ചും പരിചിതമാക്കാം.

പച്ച ചാണകം കരിക്കിൻ വെള്ളം

ഒരു ഗ്ലാസ് കരിക്കിൻ വെള്ളത്തിൽ അഞ്ച് ടീ സ്പൂൺ പച്ച ചാണകം നാന്നായി അലിയിച്ചു ചേർത്തു വെക്കുക. കുറച്ച് നേരത്തിനുശേഷം തെളിനീർ ഊറ്റിയെടുത്ത് നട്ടുവാൻ ഉദ്ദേശിക്കുന്ന വള്ളിയോ കമ്പോ 20 -30 മിനുട്ട് മുക്കി വെച്ച ശേഷം നടീലിനായി ഉപയോഗിക്കാം.

മുരിങ്ങയില സത്ത്

ഇരുനൂറ് മില്ലി ശുദ്ധ ജലത്തിൽ അമ്പത് ഗ്രാം മുരിങ്ങയില കുതിർത്ത് വെക്കുക. ഒരു ദിവസം കഴിഞ്ഞ് ഇലകൾ അരച്ചെടുത്ത് നന്നായി പിഴിഞ്ഞ് ജലത്തോടൊപ്പം ചേർത്ത് മുരിങ്ങച്ചാർ തയ്യാറാക്ക -

ണം. ഈ ലായനിയിലേക്ക് വേര് പിടിപ്പിക്കാൻ ഉദ്ദേശിക്കുന്ന തണ്ടോ കമ്പോ 20-30 മിനുട്ട് മുക്കിവെച്ച ശേഷം നടീലിനുപയോഗിക്കാം.

തേൻ മിശ്രിതം

ഒരു കപ്പ് വെള്ളത്തിൽ രണ്ടു ടീ സ്പൂൺ ശുദ്ധമായ തേൻ വെള്ളത്തിൽ ലയിപ്പിച്ചു ചേർത്ത് ഒരു കുപ്പിയിൽ ഒഴിച്ചു അടപ്പ് നന്നായി മുറുക്കി അടക്കണം. കുപ്പി കറുത്ത തുണികൊണ്ട് മൂടി അധികം സൂര്യപ്രകാശമോ ചൂടോ ലഭിക്കാതിടത്ത് രണ്ടാഴ്ച സൂക്ഷിച്ചു വെച്ചശേഷം, ഈ ലായനിയിൽ കിളിർപ്പിക്കാനുള്ള തണ്ടോ ,കമ്പോ മുക്കി വെച്ച്നടീലിനായി ഉപയോഗിക്കാം.

അലീന 9A

# വേര് പിടിപ്പിക്കാൻ ജൈവ ഹോർമോണുകൾ

കാർഷികം

മാതൃവൃക്ഷത്തിന്റെ അതേഗുണം ലഭ്യമാകാൻ ചില തരം സസ്യങ്ങളിൽ പ്രാവർത്തികമാക്കാൻ കഴിയുന്ന പ്രവർത്തന രീതിയാണ് കമ്പുകൾക്കും വള്ളികൾക്കും

വേര് പിടിപ്പിച്ച തൈകൾ ഉൽപ്പാദിപ്പിക്കുകയെന്നത്.

ഒരേ സമയം ധാരാളം തൈകൾ ഉൽപ്പാദിപ്പിക്കാൻ ഇതുവഴി കഴിയുമെന്നത് ഈ രീതിയുടെ പ്രത്യേകത -

യാണ്. മിക്കപ്പോഴും മുറിച്ചുനട്ട നടീൽ വസ്തുവിന്റെ മുളക്കൽ ശതമാനതോത് വേണ്ടത്ര തൃപ്തികരമായിരി -

ക്കില്ല എന്നത് പോരായ്മയാണ്. ഇത് പരിഹരിക്കു -

ന്നതിന് വേര് പിടിക്കാൻ സഹായകരമായ ഒട്ടേറെ രാസഹോർമോണുകൾ പൗഡർ രൂപത്തിലും മാർക്കറ്റുകളിൽ ലഭിക്കുന്നുണ്ട്. കുറഞ്ഞ ചെലവിൽ ആവശ്യാനുസരണം നമുക്ക് തന്നെ തയ്യാറാക്കാൻ കഴിയുന്ന ചില ജൈവ

ഹോർമോണുകളെ കുറിച്ചും ഉപയോഗരീതിയെ കുറിച്ചും പരിചിതമാക്കാം.

പച്ച ചാണകം കരിക്കിൻ വെള്ളം

ഒരു ഗ്ലാസ് കരിക്കിൻ വെള്ളത്തിൽ അഞ്ച് ടീ സ്പൂൺ പച്ച ചാണകം നാന്നായി അലിയിച്ച ചേർത്തു വെക്കുക. കുറച്ച് നേരത്തിനുശേഷം തെളിനീർ ഊറ്റിയെടുത്ത് നട്ടുവാൻ ഉദ്ദേശിക്കുന്ന വള്ളിയോ കമ്പോ 20 -30 മിനുട്ട് മുക്കി വെച്ച ശേഷം നടീലിനായി ഉപയോഗിക്കാം.

മുരിങ്ങയില സത്ത്

ഇരുന്നൂറ് മില്ലി ശുദ്ധ ജലത്തിൽ അമ്പത് ഗ്രാം മുരിങ്ങയില കുതിർത്ത് വെക്കുക. ഒരു ദിവസം കഴിഞ്ഞ് ഇലകൾ അരച്ചെടുത്ത് നന്നായി പിഴിഞ്ഞ് ജലത്തോടൊപ്പം ചേർത്ത് മുരിങ്ങച്ചാർ തയ്യാറാക്ക -

ണം. ഈ ലായനിയിലേക്ക് വേര് പിടിപ്പിക്കാൻ ഉദ്ദേശിക്കുന്ന തണ്ടോ കമ്പോ 20-30 മിനിട്ട് മുക്കിവെച്ച ശേഷം നടീലിനുപയോഗിക്കാം.

## തേൻ മിശ്രിതം

ഒരു കപ്പ് വെള്ളത്തിൽ രണ്ടു ടീ സ്പൂൺ ശുദ്ധമായ തേൻ വെള്ളത്തിൽ ലയിപ്പിച്ചു ചേർത്ത് ഒരു കുപ്പിയിൽ ഒഴിച്ചു അടപ്പ് നന്നായി മുറുക്കി അടക്കണം. കുപ്പി കറുത്ത തുണികൊണ്ട് മൂടി അധികം സൂര്യപ്രകാശമോ ചൂടോ ലഭിക്കാതിടത്ത് രണ്ടാഴ്ച സൂക്ഷിച്ചു വെച്ചശേഷം, ഈ ലായനിയിൽ കിളിർപ്പിക്കാനുള്ള തണ്ടോ ,കമ്പോ മുക്കി വെച്ച് നടീലിനായി ഉപയോഗിക്കാം.

# കാരുണ്യം നിറഞ്ഞ മനസ്സ്

പണ്ട് ഒരു ഗ്രാമത്തിൽ ദാരിദ്രം നിറഞ്ഞ ഒരു കുടുംബം താമസിച്ചിരുന്നു.ആ കുടുംബത്തിൽ അവർ മൂന്നു പേർ ഉണ്ടായിരുന്നു. അമ്മയായിരുന്നു ആ വീട്ടിലെ കാര്യങ്ങൾ നോക്കി നടത്തുന്നത്. അച്ഛൻ ഒരു കിടപ്പ് രോഗി ആയിരുന്നു. അച്ഛന്റെ മരുന്നും മറ്റ് സാധനങ്ങളും വാങ്ങാൻ അമ്മ വീട്ടുജോലിക്ക് പോയ് തുടങ്ങി. ഇവരുടെ മകളായിരുന്നു ലീന. അവൾ ഒരു സുന്ദരിയായിരുന്നു. പക്ഷേ അവൾക്ക് ഒരു നല്ല വസ്ത്രമോ കഴിക്കാൻ നല്ല ഭക്ഷണമോ ഒന്നും തന്നെ ഇല്ലായിരുന്നു. ലീന ആ ഗ്രാമത്തിലെ ഏറ്റവും വലിയ വിദ്യാഭ്യാസം കുറഞ്ഞ സ്കൂളിലായിരുന്നു അവളുടെ പഠിക്കുന്നത്. ഒരു ദിവസം അവൾ സ്കൂളിൽ നിന്ന് വീട്ടിയിലേക്ക് വരുന്ന വഴിയിൽ അവൾ ഒരു പേഴ്സ് കണ്ടു. അവൾ ആ പേഴ്സ് തുറന്നു നോക്കി.അവൾക്ക് അതിൽ നിന്ന് കുറയെ നാണയവും നോട്ടും കിട്ടി. അവൾ ഓടി വീട്ടിലെത്തി തന്റെ അമ്മയുടെ കൈയിൽ അതു കൊടുത്തു. അവളുടെ അമ്മ അത് അടുത്തുള്ള പോലീസ് സ്റ്റേഷനിൽ എത്തിച്ചു. ആ പോലീസ് സ്റ്റേഷനിൽ ഇതിനെക്കുറിച്ച് ഒരു പരാധി കിട്ടിയിരുന്നു. ഒരു പണക്കാരനായ മനുഷ്യന്റെ പേഴ്സ് കാണാനില്ല എന്നതായിരുന്നു പരാതി. പോലീസ് ആ പണക്കാരനെ വിളിച്ചു. പോലീസ് കാര്യങ്ങളെല്ലാം അന്വേഷിച്ചറിഞ്ഞ് ആ

പേഴ്സ് കുട്ടിയുടെ കൈ കൊണ്ടുത്തന്നെ കൊടുത്തു. അവരുടെ ആ നല്ല മനസ്സറിഞ്ഞ്  ആ കാശ് അവർക്കുതന്നെ കൊടുത്തു.

*by,*

***Subitha .8A***

# അവിസ്മരണീയം , യാത്ര

അഭിമാന നേട്ടത്തിലേക്കുള്ള യാത്ര നീരജിന്റെതന്നെ വാക്കുകളിൽ. "കിളിമഞ്ചാരോയുടെ മുകളിലെത്താൻ പല വഴികളുണ്ട്".ഓരോന്നിനും യാത്രയുടെ കാഠിന്യം വ്യത്യാസപ്പെട്ടിരിക്കുന്നു. ഷീറ റൂട്ട് വഴിയാണു ഞങ്ങൾ കയറിയത്. സമുദ്രനിരപ്പിൽ നിന്ന് 3407 മീറ്റർ ഉയരത്തിലുള്ള മോറം എന്ന പോയിന്റിൽ നിന്നാണ് ആദ്യ ദിവസം യാത്ര ആരംഭിച്ചത്. അന്നു രാവിലെ അവിടെനിന്നു ഷീറ 2

ക്യാപിലെക്കാണു യാത്ര താമസം. മൂന്നാം ദിനം യാത്രയ്ക്കിടെ നല്ല ശക്തിയുള്ള ആലിപ്പഴ മഴ നനഞ്ഞു. മുകളിലേക്കു കയറുന്തോറും മഞ്ഞുമഴയും പെയ്തുതുടങ്ങി. ബറാംകോ ക്യാപിൽ രാത്രി താമസം. നാലാം ദിവസം പാറക്കെട്ടുകളും കല്ലും നിറഞ്ഞ കയറ്റമാണ്. അള്ളിപിടിച്ചു കയറേണ്ട കിസ്സിങ് റോക് എന്നൊരു വലിയ പാറയുണ്ട്. കറാംകാ ക്യാപിലാണു രാത്രിയുറക്കം. അഞ്ചാംദിനം ഉച്ചയോടെ കിളിമഞ്ചാരോഷമിച്ചു  പർവതാരോഹണത്തിലെ ബേസ് ക്യാംപായ ബറാഫൂവിലെത്തി. അന്ന് അർധരാത്രി കൊടുമുടിയിലേക്കുള്ള കയറ്റം തുടങ്ങുണ്ടതിനാൽ കിടന്നുറങ്ങാൻ ഗൈഡ്

ആവശ്യപ്പെട്ടു. പക്ഷേ നല്ല വെയിലും ചൂടും കാരണം ആർക്കും ഉറങ്ങാൻ കഴിഞ്ഞില്ല. രാത്രി 11 ന് എല്ലാവരും റെഡിയായി. തണുപ്പിനെ ചെറുക്കാൻ 5 പാളികളായി വിവിധതരത്തിലുള്ള ഉടുപ്പുകൾ മേൽക്കുമേൽ ധരിച്ചു. മുകളിൽ മൈനസ് 20 ഡിഗ്രിവരെയാകാം തണുപ്പ്. ഐസ് പറ്റിപ്പിടിച്ച വഴുക്കലുള്ള പാറകളിലൂടെ കുത്തനെ കയറിയതുനല്ലവണ്ണം വിഷമിച്ച തന്നെയായിരുന്നു. ആറാം ദിനം രാവിലെ 8 ന് സ്റ്റെല്ലാ പോയിന്റ് എന്ന സ്ഥലത്ത് ആദ്യം എത്തി. അവിടെനിന്ന് 19,341 അടി ഉയരത്തിലുള്ള ഉഹ്റു കൊടുമുടിയിലേക്ക്. കിളിമഞ്ചാരോ ഗ്ലേസിയർ ആണ് അവിടെയുള്ള ഏറ്റവും മനോഹര കാഴ്ച. ആഗോളതാപം കാരണം ഗ്ലേസിയർ അതിവേഗം ഉരുകിത്തീർന്നു കൊണ്ടിരിക്കുകയാണ്. ഫോട്ടോയും വിഡിയോയുമൊക്കെ പകർത്തിയശേഷം മൂന്നുമണിയോടെ തിരികെ ബേസ് ക്യാംപിലെത്തി.

## ഓണത്തുമ്പിയുടെ കഥ

ഒരിടത്ത് ഒരു പൂന്തോട്ടത്തിൽ കുറേ തുമ്പികളുണ്ടായിരുന്നു.അക്കൂട്ടത്തിൽ ഒരു വാലില്ലാതുമ്പിയും. വാലില്ലാത്തതുകൊണ്ട് അവന് മറ്റു തുമ്പികൾക്കൊപ്പം ഉയരത്തിൽ പറക്കാൻ കഴിയില്ലായിരുന്നു. ഒരു ഓണക്കാലത്ത് കൂട്ടുകാരെല്ലാം ആകാശത്ത് പറന്നുനടക്കു-ന്നത് കണ്ട് വാലില്ലാതുമ്പി തോട്ടത്തിൽ വിഷമിക്കുകയായിരുന്നു. അപ്പോൾ അതാ ഒരു സൂര്യ-കാന്തിച്ചെടി ക്ഷീണിച്ച് തളർന്നു നിൽക്കുന്നു. വാലില്ലാതുമ്പി സൂര്യകാന്തിച്ചെടിയുടെ അടുത്ത് ചെന്നു. എന്നിട്ട് തന്റെ കുഞ്ഞിച്ചിറകുകൾ വീശി ചെടിക്കു കാറ്റേകി. കാറ്റുകൊണ്ടപ്പോൾ ചെടിയുടെ ക്ഷീണമെല്ലാം മാറി. "നന്ദി, ചങ്ങാതി" സൂര്യകാന്തിച്ചെടി പറഞ്ഞു. ഈ കാഴ്ചകളെല്ലാം ആകാശത്ത് നിൽക്കുന്ന സൂര്യഭഗവാൻ കാണുന്നുണ്ടായിരുന്നു. സൂര്യഭഗവാൻ വിളിച്ചു. വാലില്ലാതുമ്പി,

നിന്റെ നന്മയ്ക്ക് ഞാനൊരു സമ്മാനം നൽകുകയാണ്. ഇനി മുതൽ നിനക്ക് ഓണവെയിലിന്റെ മഞ്ഞനിറമായിരിക്കും. ആളുകൾ നിന്നെ ഓണത്തുമ്പി എന്നു വിളിക്കും. പെട്ടെന്ന് വാലില്ലാതുമ്പിയുടെ നിറം മാറി. അവൻ നീണ്ട വാലുള്ള ഓണത്തുമ്പിയായി മാറി. ഓണത്തുമ്പി സന്തോഷത്തോടെ പൂന്തോട്ടത്തിൽ പാറി നടന്നു.

## മൂന്ന് പ്രാവുകൾ

ഒരിടത്ത് ഒരിടത്ത് ഒരു മരത്തിൽ മൂന്ന് പ്രാവുകൾ ഉണ്ടായിരുന്നു. ഒന്നാമത്തെ പ്രാവിന്റെ പേരാണ് അമ്മിണി. രണ്ടാമത്തേത് ചിന്നുവും മൂന്നാമത്തേത് അമ്മുവുമാണ്. അമ്മിണി പ്രാവും ചിന്നു പ്രാവും അമ്മു പ്രാവിനെക്കൊണ്ടാണ് എല്ലാ ജോലികളും ചെയ്യിപ്പിക്കുന്നത്. എന്നാൽ അമ്മു പ്രാവിന് അവരോട് ഒരു ദേഷ്യവുമില്ല. അവർ നൽകുന്ന എല്ലാ ജോലികളും നല്ല മനസ്സോടും സന്തോഷത്തോടുമാണ് ചെയ്യുന്നത്.

ഒരു ദിവസം അമ്മു പ്രാവിനെ തീറ്റ തേടാൻ വിട്ടു. അമ്മു പ്രാവ് എല്ലാ സ്ഥലത്തും തേടിപ്പോയി. എന്നാൽ ഒരിടത്തു നിന്നും തീറ്റ കിട്ടിയില്ല. അവൾ തിരിച്ചുപ്പോകാനിരുന്നപ്പോൾ അവളുടെ സുഹൃത്തായ ലില്ലികിളി ചോദിച്ചു നിയെവിടെയാണ് പോകുന്നതെന്ന്. അപ്പോൾ അവൾ മറുപ്പടി പറഞ്ഞു ഞാൻ തിറ്റത്തേടാൻ വന്നതാണ്. അവൾ അവളുടെ സങ്കടങ്ങളെല്ലാം ലില്ലിയുമായി പങ്കുവച്ചു. അതുക്കേട്ടതും തന്റെ പ്രിയ സുഹ്രത്തിനെ സഹായിക്കാൻ തയ്യാറായി. ദൂരേ ഒരു പ്ലാവിന്റെ താഴെ

കുറയെ പയറുമണികൾ കിടക്കുന്നതായി കണ്ടുവെന്ന് ലില്ലി അവളോടു പറഞ്ഞു. അതുകേട്ടതും അമ്മുവിന് സന്തോഷം അടക്കാനാവാതെ ലില്ലിയോട് നന്ദി പറഞ്ഞുക്കൊണ്ട് അവിടെനിന്ന് മടങ്ങി. അവൾ ആ പ്ലാവ് മരത്തിനടുത്ത് ചെന്നു. അവൾക്ക് എടുക്കാൻ കഴിയുന്നതത്രയും എടുത്തിട്ട് അവിടെനിന്ന് യാത്രയായി. ആ യാത്രക്കിടയിലാണ് അവളുടെ രണ്ട് സഹോദരിമാരെ ഓർമ്മവന്നത്. അതുകൊണ്ട് അവൾ തിടുക്കത്തിൽ പുറപ്പെട്ടു.

അവൾ ഉടനെ വീട്ടിലെത്തി പയറുമണികൾ വേവിച്ചുകൊടുത്തു. വിശന്നിരുന്ന അവർ അത് വേഗം കഴിച്ചു. അപ്പൊഴാണ് അവർ ചെയ്ത തെറ്റ് അവർക്ക് മനസ്സിലായത്. അവളെ ഇത്രയും ദ്രേഹിച്ചതിൽ മാപ്പുപറഞ്ഞു. എന്നിട്ട് തന്റെ പ്രാണൻ രക്ഷിച്ചതിൽ നന്ദിപറഞ്ഞു. മൂന്നുപേരും സന്തോഷത്തിൽ ജീവിച്ചു.

ഗുണപാഠം -നന്മ ചെയ്യുന്നവരോട് ദൈവം എപ്പോഴും കൂട്ട് നിൽക്കും.

***Nancy.C ,5B***

# എന്റെ അമ്മ

ഒരു കുഞ്ഞ് ജനിച്ചാൽ ആദ്യമായി വിളിക്കുന്നത് അമ്മ എന്നാണ് .അമ്മയിൽ നിന്നാണ് എല്ലാം തുടങ്ങുന്നത്. കുട്ടികരയുമ്പോൾ അമ്മ ആത്മാർത്ഥമായി ചിരിക്കുന്നത് ഒരേ ഒരു സമയത്തുമാത്രമാണ് . കുഞ്ഞിന്റെ ജനനസമയത്ത് മാത്രമാണ് . പിന്നീട്ട കുഞ്ഞിന്റെ കരച്ചിൽ അമ്മയുടെ മനസ്സിനെ വേദനിപ്പിക്കുകയേ ഉള്ളു .അമ്മ ദൈവത്തിന്റെ ദാനമാണ്

അമ്മയുടെ സ്നേഹം ഒരിക്കലും നിലക്കാത്ത സ്നേഹമാണ് . നമ്മുക്ക് തന്ന ഏറ്റവും വലിയ സമ്മാനമാണ് അമ്മ . അമ്മയെ നാം സ്നേഹിക്കുക അമ്മയെ വെറുക്കരുത് . അമ്മ നമ്മോട് കാണിക്കുന്ന സ്നേഹം നാം തിരിച്ചറിയുക . അമ്മയാണ് നമ്മുടെ എല്ലാം എല്ലാം . അമ്മയിൽ നിന്നാണ് നാം എല്ലാ പാഠങ്ങളും പഠിക്കുന്നത് .നമ്മുടെ ആദ്യത്തെ അധ്യാപികയും അമ്മയാണ്. അമ്മ നമ്മുടെ നല്ലൊരു സുഹൃത്തും കൂടിയാണ്. അമ്മയുടെ സ്നേഹം കിട്ടാത്ത ഒരുപാട് കുട്ടികളും ഈ ലോകത്ത് ഉണ്ട് . അങ്ങനെ ഒരു അവസ്ഥ ദൈവം നമുക്ക് തരാതെ സ്നേഹം

നിറഞ്ഞ ഒരു  അമ്മയെ നമുക്ക് നൽകിയതിൽ നാം സന്തോഷിക്കണം

# രാജാവിന്റെ കഥ

പണ്ട് പണ്ട് ഒരിക്കൽ ഭൂമിയിൽ മരങ്ങളും

ചെടികളുമെല്ലാം ഇല്ലാതായി.

മനുഷ്യർ വിശന്നു തളർന്നു. അവർ രാജാവിന്റെ അടുത്ത് ചെന്നു.

പൃഥു എന്നതായിരുന്നു

രാജാവിന്റെ പേര്.

രാജാവേ ,ചെടികളും മരങ്ങളും എങ്ങും

ഇല്ലാതായിരിക്കുന്നു.മനുഷ്യരും

കിളികളുമൊക്കെ വിശന്ന് തളർന്നുവീഴുകയാണ്. ഞങ്ങളെ

രക്ഷിക്കണേ അവർ പറഞ്ഞു.

“ആരാണ് ഇതിന് കാരണക്കാർ"? രാജാവ് ചോദിച്ചു. അപ്പോൾ

ആളുകൾ പറഞ്ഞു

ഭൂമിദേവി തന്നെ . ഭൂമിദേവി മരങ്ങളെയും ചെടികളെയും

വളരാൻ സമ്മതിക്കുന്നില്ല.

അതു കേട്ട രാജാവിന് ദേഷ്യം വന്നു. “ഹും നിങ്ങളെ

കഷ്ടപ്പെടുത്തുന്ന ഭൂമിദേവിയെ

ഒരു പാഠം പഠിപ്പിച്ചിട്ടുതന്നെ". രാജാവ് അമ്പും വില്ലും എടുത്ത്

ഭൂമിദേവിയെ തേടി

പുറപ്പെട്ടു. ദേഷ്യപ്പെട്ട് അമ്പും വില്ലുമായി വരുന്ന പൃഥു

രാജാവിനെ ഭൂമിദേവി വളരെ

ദൂരെ നിന്ന് തന്നെ കണ്ടു. ഹയ്യോ, ഈ ദേഷ്യക്കാരൻ രാജാവ്

കാണും മുമ്പ്

രക്ഷപ്പെടണം. ഭൂമിദേവി വേഗം രൂപം മാറി , എന്നിട്ട് ഒരു

പശുവായി മാറി.

കൊമ്പുകുലുക്കി വാലാട്ടി പൊടിപാറിച്ചത് ആ പശു ഓട്ടം

തുടങ്ങി.

"ങ്‌ഹേ എന്നെപ്പറ്റിച്ച് രക്ഷപെട്ടു വിടില്ല ഞാൻ." രാജാവ്

പശുവിന്റെ പുറകെ

ഓട്ടമായി. ഓടിയോടി രാജാവ് പശുവിന്റെ പിന്നിൽ എത്തി.

രാജാവ് അമ്പെടുത്ത്

എയ്യാൻ ഒരുങ്ങി. അതുകണ്ട് പെടിച്ച് വിറച്ച് പശു പറഞ്ഞു.

രാജാവേ ഒന്നും

ചെയ്യരുതേ. പശു പറഞ്ഞതു കേട്ട് രാജാവിന്റെ ദേഷ്യം

കുറഞ്ഞു. രാജാവ് പറഞ്ഞു

എന്റെ നാട്ടിലെ ആളുകൾക്ക് വേഗം ചെടികളും മരങ്ങളും കൊടുക്കു. അതു കേട്ട്

പശു പറഞ്ഞു ഭൂമിയിലുള്ളവർക്ക് കുടിക്കാൻ ഞാൻ പാൽ തരാം. ഇല്ലാതായ

ചെടികളുടെയും മരങ്ങളുടെയും ശക്തി ആ പാലിൽ ഉണ്ടാകും.

രാജാവ് അത് സമ്മതിച്ചു. എന്നിട്ട് പശുവായി മാറിയ ഭൂമിദേവിയുടെ പാൽ

കറന്നെടുത്ത് എല്ലാവർക്കും കൊടുത്തു. അതു കുടിച്ച് എല്ലാവരും ശക്തരായിതീർന്നു.

ഭൂമിയിൽ വീണ്ടും മരങ്ങളും ചെടികളും മുളക്കുകയും ചെയ്തു. മനുഷ്യർക്കെല്ലാം സന്തോഷമായി.

അതോടെ രാജാവിന്റെ  ദേഷ്യവും തീർന്നു.

# നല്ല സൗഹൃദം

ഒരിടത്ത് ഒരിടത്ത് നല്ല രണ്ട് സുഹൃത്തുക്കൾ ഉണ്ടായിരുന്നു. അവർ എന്നും നല്ല കൂട്ടുകാരായിരുന്നു. അവരുടെ സൗഹൃദം ആർക്കും പിരിക്കാൻ പറ്റിയില്ല. അവരെ കാണുമ്പോൾ എല്ലാവർക്കും അസൂയയായിരുന്നു. അവർ എല്ലാവരെയും സഹായിക്കുമായിരുന്നു. ആർക്കെങ്കിലും ഒരു അപകടം വന്നാൽ അവർ രണ്ടുപേരും അവർക്ക് ആവശ്യമായ ഉപകാരം ചെയ്യും. ആ കൂട്ടുകാരികളുടെ പേര് ബിബിതയും സ്നേഹയും എന്നാണ്. അവർ ഒരു

ദിവസം വഴക്കിട്ട് രണ്ടുപേരും പിരിഞ്ഞു. അങ്ങനെ മറ്റുള്ളവർക്ക് സന്തോഷമായി.അവരുടെ മനസ്സിൽ സങ്കടമായിരുന്നു. എന്നിട്ടും അവരെ ആർക്കും പിരിക്കാൻപറ്റിയില്ല. ബിബിതയ്ക്ക് ഒരു അപകടം പറ്റി. ഇതു കേട്ട് സ്നേഹയ്ക്ക് സങ്കടമായി.അവളെ സ്നേഹ കാണാൻ പോയി അവൾക്ക് വേണ്ട സഹായം ചെയ്തുകൊടുത്തു.അവർ രണ്ടുപേരും വീണ്ടും ഒന്നായി. ഇങ്ങനെ അവരുടെ സൗഹൃദം നീണ്ടുപോവുകയും ചെയ്തു.

**By Sneha**

**8A**



# ആഗോളതാപനവും അതിപ്രളയസാധ്യതകളും

അണുവായുധശേഖരവും പേറി സൗരമണ്ഡല പെരുവഴിയിലൂടെ സഞ്ചരിക്കുമ്പോൾ അപ്രതീക്ഷിതമായി ഭൂമിയുടെ അന്ത്യം സംഭവിക്കുന്ന ഭൂമിയോടൊപ്പം സകല ജീവജാലങ്ങളും ചാമ്പലാകും. ഹരിത സമൃദ്ധിയുടെ ക ഞ്ചുകം നീക്കി അമ്മയുടെ മുലപ്പാൽ ആവോളം കുടിച്ച് വീർത്തവർ തന്നെ പ്രകൃതിയെ ഭൂമിയുടെ നാശത്തിലേക്ക് തള്ളിവിടുന്ന കാഴ്ചയാണ് കാണുന്നത്. മക്കളാൽ അപമാനിക്കപ്പെട്ട അമ്മയാണ് ഭൂമി . കേരളത്തിന്റെ കവി ഒ എൻ വി ഭൂമിക്കൊരുചരമഗീതം എന്ന കവിതയിൽ മനുഷ്യവർഗത്തിന്റെ പരമവിനാശത്തിന്റെ ചിത്രം മെനഞ്ഞു കാട്ടുന്നു.

ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്ന അതിപ്രളയത്തിന്റെ ഒരു പ്രധാന കാരണം ആഗോളതാപനവും തന്മൂലമുള്ള കാലാവസ്ഥ വ്യതിയാനവുമാണെന്നാണ് വിദഗ്ധർ അഭിപ്രായപ്പെടുന്നത്. കാലാവസ്ഥ വ്യതിയാന സാഹചര്യങ്ങളുടെ പ്രകടമായ ലക്ഷണം അന്തരീക്ഷതാപവർധനവാണ്. ചൂടേറുമ്പോൾ വായുവിന്റെ ഈർപ്പഗ്രാഹശേഷി വർധിക്കുന്നു. അന്തരീക്ഷ താപനിലയിൽ ഉണ്ടാകുന്ന ഓരോ ഡിഗ്രി സെൽഷ്യസ് വർധനവും വായുവിന്റെ ഈർപ്പഗ്രാഹശേഷി ഏഴ് ശതമാനം വർധിപ്പിക്കും. ഈർപ്പ സമ്പന്നമായ വായുവിൽ നിന്ന് രൂപം കൊള്ളുന്ന മേഘങ്ങളിൽ ജലാംശം കൂടുതലായിരിക്കും. അതായത്, ആഗോളതാപന സാഹചര്യങ്ങളിൽ കൂടുതൽ അളവിൽ ജലാംശമുള്ള മേഘങ്ങൾ രൂപീകരിക്കപ്പെടാനുള്ള സാധ്യത കൂടുതലാണ്. ഇപ്പോൾ നമ്മുടെ സംസ്ഥാനത്ത് രൂപം കൊള്ളുന്ന മൺസൂൺ മേഘങ്ങൾ ഈ ഗണത്തിൽപ്പെട്ടവയായിരിക്കും. അധിക ജലസാനിദ്ധ്യം മൂലം കനമേറിയ ഇത്തരം മഴമേഘങ്ങളിൽ നിന്നാവാം ഇപ്പോൾ ലഭിക്കുന്ന അതിതീവ്രമഴ ലഭിക്കുന്നത്.

ഷോണിജ ജെ 9A

# എന്റെ പ്രകൃതി



പ്രകൃതി വളരെ
സുന്ദരമാണ്.മനുഷ്യരാണ്
പ്രകൃതിയുടെ കാവൽക്കാർ.മനുഷ്യർ
പ്രകൃതിയെ ദുരുപയോഗിക്കുന്നു.മരങ്ങളെ
വെട്ടിനശിപ്പിക്കുന്നു.അങ്ങനെയൊക്കെ മനുഷ്യർ പ്രകൃതിയെ
വഞ്ചിക്കുന്നു.പ്രകൃതി അമ്മയാണ്.പ്രകൃതിയിൽ പലതരം
ജീവജാലങ്ങൾ വാസമുറപ്പിക്കുന്നു.പ്രകൃതി പച്ചപ്പുനിറ
ഞ്ഞതാണ്.പ്രകൃതിയിലെ എല്ലാ വസ്തുക്കളും മനോഹരമാണ്.
പലതരത്തിലുള്ള വൃക്ഷങ്ങൾ അതിൽ പലതരത്തിലുള്ള
മധുരമുള്ള പഴങ്ങൾ. പ്രകൃതിയെ സംരക്ഷിക്കാത്തത്
മൂലമാണ് പലതര ദുരന്തങ്ങളും വരുന്നത്.ദൈവം മനുഷ്യർക്ക്
നൽകിയ വലിയൊരു സമ്മാനമാണ് പ്രകൃതി.

മനുഷ്യന് മാത്രമുള്ളതല്ല പ്രകൃതി.പ്രകൃതി എന്നും മനുഷ്യർക്ക്
നല്ലതു മാത്രമേ നൽകുന്നുള്ളൂ.എന്നാൽ മനുഷ്യർ നേരെ
തിരിച്ചാണ് പ്രകൃതിയോട് കാണിക്കുന്നത്. പ്രകൃതി നമുക്ക്
മറ്റൊരു ഭവനം കൂടിയാണ്.പിന്നെ നല്ലൊരു സുഹൃത്തും.

പ്രകൃതിയെ സംരക്ഷിക്കുക.മരങ്ങള് വെട്ടരുത്.പ്രകൃതിയെ ഒരുതരത്തിലും വേദനിപ്പിക്കുകയോ ഉപദ്രവിക്കുകയോ ചെയ്യരുത്.പ്രകൃതിയെ സ്നേഹിക്കുക,പരിപാലിക്കുക.പ്രകൃതിയെ സംരക്ഷിക്കുക തിരിച്ച് നല്ലത് തന്നെ നമുക്കും ലഭിക്കും.

*ദർശന ജി* ***10A***

# ലിഥിയം അയോൺ ബാറ്ററി

## ഇന്നലെ , ഇന്ന് , നാളെ

ഇത്തവണ രസതന്ത്ര നൊബേൽ ലഭിച്ചത് ലിഥിയം അയോൺ ബാറ്ററി വികസിപ്പിച്ച ശാസ്ത്രജ്ഞർക്കാണ്. എന്താണ് ഈ ബാറ്ററികളുടെ സവിശേഷത ?

ലിഥിയം അയോൺ ബാറ്ററികളുടെ കണ്ടുപിടിത്തം ലോകത്തു സൃഷ്ടിച്ച സാങ്കേതികവിപ്ലവം അറിയാൻ നമ്മുടെ ചുറ്റുപാടും തന്നെ കണ്ണോടിച്ചാൽ മതി. മൊബൈൽ ഫോണും ലാപ്ടോപ്പും മുതൽ ഭാവിയിൽ ജനകീയമാകാൻ പോകുന്ന ഇ -വാഹനങ്ങളുടെ വരെ ഊർജസ്രോതസ്സ് ഇവയാണ്. ഫോസിൽ ഇന്ധനങ്ങളിലുള്ള ആശ്രിതത്വം ഭാവിയിൽ പൂർണമായി ഇല്ലാതാക്കാനും ഇവയ്ക്കു കഴിയും. ഇതിന്റെ കണ്ടുപിടിത്തിന് ജോൺ .ബി .ഗുഡ്ഇനഫ് സ്റ്റാൻലി വിറ്റിങ്ങം , അകിര യോഷിനോ എന്നിവർക്കു നൊബേൽ ലഭിച്ചതും ഈ പ്രാധാന്യം കണക്കിലെടുത്തു തന്നെ.

ഒരു ആനോഡ് കാഥോഡ് ലിഥിയം അയോണുകളുടെ ഒഴുക്കിനെ സഹായിക്കുന്ന ഇലക്ട്രോലൈറ്റ് , സെപ്പറേറ്റർ

, മെറ്റാലിക് കണ്ടക്റ്റർ എന്നിവ അടങ്ങിയതാണ്
ലിഥിയം അയോൺ ബാറ്ററി. ഇത് ഡിസ്ചാർജ്
ചെയ്യുമ്പോൾ , ആനോഡിൽ നിന്ന് കാഥോഡിലേക്ക്
അയോണുകളുടെ ഒഴുക്ക് കാഥോഡിലേക്ക്
അയോണുകളുടെ ഒഴുക്കുണ്ടാകുന്നു.ഇത് വൈദ്യുതി
ഉൽപാദിപ്പിക്കുന്നു  നിങ്ങൾ ബാറ്ററിചാർജ്
ചെയ്യുമ്പോൾ , അയോണുകളുടെ ഒഴുക്ക് കാഥോഡിൽ
നിന്ന് ആനോഡിലേക്കു തിരയുന്നു.

# പ്രകൃതി

പ്രകൃതിയിൽ നമ്മളും ഒരു ഭാഗമാണ്.പ്രകൃതി നമ്മുടെ അമ്മയാണ്. നമ്മുടെ അമ്മയെ പോലെയാണ് നാം കരുതേണ്ടത്.

പ്രകൃതിയെ സൂക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്. ഓരോ ദിവസവും പ്രകൃതിയെ

നാം ആസ്വദിച്ച് അറിയണം.ഓരോ ദിവസവും

നമ്മെ ഉന്മേഷപരിതമാക്കുന്നത് പ്രകൃതിയാണ്.പ്രകൃതിയില്ലെങ്കിൽ നാം ഇല്ല.

പ്രകൃതി നമ്മുടെ മറ്റൊരു ഭവനമാണ് പക്ഷെ

അതിനെ മനുഷ്യർ ഇല്ലാതാക്കുന്നു. ഇതിന്റെ

ഭൗഷ്യത്തുകൾ മനുഷ്യർ തന്നെ അനുഭവിക്കേണ്ടിവരും. പ്രകൃതിയ്ക്ക് രൂപവും

ഭാഗവും നിറവും വൈവിധ്യമാർന്നതാണ്.

ഈ വൈവിധ്യം എന്നും നിലനിൽക്കുന്നവ-

യാണ്. ഹരിത പച്ചപ്പ് നിറഞ്ഞതാണ് പ്രകൃതി. നമ്മളും പ്രകൃതിയുടെ  ഒരു ഭാഗമാണ്.ഇപ്പോൾ മനുഷ്യർ പ്രകൃതിയെ

നശിപ്പിച്ചുകൊണ്ടിരിക്കുന്നു.ഇതൊക്കെകൊണ്ട്

പ്രകൃതി നമ്മോട് കോപിക്കുകയാണ്. ഇതിനൊക്കെ നമ്മളും ഒരു ഭാഗമാണ്.

# എന്നാലും  ഓർത്തിലല്ലോ!

ഫിറാ, നല്ല അഴഎന്നാലും  ഓർത്തിലല്ലോ! കുള്ള
പേരാണെങ്കിലും അവളെ കാണാൻ അത്ര
ചന്തമൊന്നുമില്ല. അമ്മയും അച്ഛനുംഎന്നാലും
ഓർത്തിലല്ലോ! എന്നാലും  ഓർത്തിലല്ലോ!
സഹോദരങ്ങളും നല്ല സൗന്ദര്യമുള്ളവരാണ്. അവൾക്ക്
സൗന്ദര്യമില്ലാത്തതിനാലും പ്രത്യേകിച്ച് കഴിവൊന്നുമി
-ല്ലാത്തതിനാലും അവളെ വീട്ടുകാർക്കും നാട്ടുകാർക്കും
ഇഷ്ടമില്ലായിരുന്നില്ല. എന്നും നൊമ്പരങ്ങൾ മാത്രം
ഏറ്റുവാങ്ങാനുള്ളതായിരുന്നു അവളുടെ ജീവിതം.
അവൾക്ക് ഇന്ന് പത്ത് വയസ്സ് തികഞ്ഞു.ആരും
അവളുടെ പിറന്നാൾ ഓർത്തില്ല. അവൾ സങ്കടം കൊണ്ട്
വീർപ്പുമുട്ടി, അമ്മയോട് പറയാനായി അവൾ
നടന്നടുത്തു. അമ്മ ഇളയമകളെ  സ്കൂളിൽ അയ്ക്കാനായി
മേയ്ക്കപ്പ് ചെയ്തു കൊടുക്കുകയായിരുന്നു. “അമ്മേ” എന്ന്
വിളിച്ചുകൊണ്ട് അവൾ അമ്മയുടെ കൈ മെല്ലെ തഴുകി.

“ശ്ശെ നീ കണ്ടില്ലേ ഞാൻ എന്താ ചെയ്യുന്നതെന്ന്, അതിന്റെ ഇടയ്ക്ക് വന്ന് ശല്യമുണ്ടാക്കാതെ പോ കൊച്ചേ”. അവൾ വിതുമ്പിക്കൊണ്ട് പിന്നാമ്പുറത്തേക്ക് ഓടി സങ്കടം കടിച്ചമർത്തി. ഇളയമകൾ വലിയ ഇംഗ്ലീഷ് മീഡിയം സ്കൂളിലാണ് പഠിക്കുന്നത്, എന്നാൽ ഫിറ അടുത്തുള്ള ഒരു സർക്കാർ സ്കൂളിലും. അവൾ സ്കൂളിൽ പോകുവാൻ കുളിച്ചൊരുങ്ങി. അമ്മയോട് തന്റെഎന്നാലും  ഓർത്തില്ലല്ലോ! പിറന്നാളാണെന്ന കാര്യം പറയണമെന്നത് നടന്നില്ല അച്ഛനോടെങ്കിലും പറയാം എന്നു കരുതി,

മുറിയിലേക്ക് നടന്നു. അപ്പോഴും മനസ്സിൽ നേരിയ ഭയമുണ്ടായിരുന്നു. അവൾ അച്ഛനോടു കാര്യങ്ങളെല്ലാം പറഞ്ഞു. “അതിനിപ്പം, എന്താ അച്ഛനല്ലെങ്കിൽ തന്നെ നൂറുക്കൂട്ടം പണി ഓഫീസിലുള്ളതാ, ഇവിടെയെങ്കിലും ഇത്തിരി മനസമാധാനം തരുമോ എന്ന് അച്ഛൻ അവളോട് ചോദിച്ചു . അവൾ കണ്ണുനീർ തുടച്ചുകൊണ്ട് പാഞ്ഞോടി ബാഗെടുത്തു സ്കൂളിലേക്ക് നടന്നു, നടക്കുമ്പോഴും അവളുടെ ചിന്ത തന്റെ

പിറന്നാളായിരുന്നു. സ്കൂളിൽ ആരെങ്കിലും തന്റെ മായി പിറന്നാളാണെന്നറിഞ്ഞാൽ ണക്കേനാടാവും അവൾ പിറുപിറുത്തു. ബല്ലടിക്കാൻ സമയമായി അവൾ സ്കൂളിലേക്ക് ഓടി സ്കൂളിലെത്തിയ അവൾ ഞെട്ടി പോയി വലിയ കേക്കുമായി കൂട്ടുകാർ കാത്തു നിൽക്കുന്നു, അവൾ സന്തോഷത്തോടെ ഓടി, ഒത്തിരി പുഞ്ചിരിയോടെ കേക്ക് മുറിച്ചു 3 കക്ഷണം എടുത്ത് മാറ്റിവച്ച് വീട്ടിൽചെന്ന് അച്ഛനും അമ്മക്കും അനിയത്തിക്കും കൊടുത്തു. തന്റെ മകളുടെ പിറന്നാൾ ആഘോഷിക്കാത്തതിനാൽ  അവക്ക് അപ്പോൾ പശ്ചാതാപം തോന്നി, അന്നാണ് ഫിറ ജീവിതത്തിൽ ആദ്യമായി സന്തോഷിച്ചത് .

**By**

**JENIFER. JACOB**

**8A**

# പൊതുവിജ്ഞാനം(മികച്ച വനിതകൾ)

1.കേരളത്തിൽ നിയമനം ലഭിച്ച ആദ്യത്തെ വനിതാ ഐ.പി.എസ്.ഓഫീസർ.

ശ്രീലേഖ

2.സുപ്രീം കോടതിയിലെ ആദ്യത്തെ മുസ്ലീം വനിതാ ജഡ്ജി.

ജസ്റ്റിസ് ഫാത്തിമ ബീവി

3.കേരള സംഗീത നാടക അക്കാദമിയുടെ ആദ്യത്തെ പിന്നണി ഗായിക.

കെ. എസ്. ചിത്ര

4.കേരള സംഗീത നാടക അക്കാദമിയുടെ ആദ്യത്തെ അദ്യക്ഷ.

മങ്കു തമ്പുരാൻ

5.മികച്ച നടിക്കുള്ള ദേശീയ പുരസ്കാരത്തിന് പിന്നാലെ പത്മശ്രി ബഹുമതിയും നേടിയ ആദ്യ വനിത.

ശോഭന

6.മിസ് ഇന്ത്യ വേൾഡ് പട്ടം സ്വന്തമാക്കിയ ആദ്യ വനിത.

ആനി തോമസ്

7.മലയാള സിനിമയിലെ ആദ്യ വനിത എഡിറ്റർ.

ബീനാ പോൾ

8.രാജ്യന്തര പ്രശസ്തമായ ബുക്കർ സമ്മാനം നേടിയ ആദ്യ ഇന്ത്യൻ എഴുത്തുക്കാരി.

അരുന്ധതി റോയി

9.ഇന്ത്യയിലെ ആദ്യത്തെ മജിസ്ട്രേറ്റ് എന്ന ബഹുമതിയുള്ള മലയാളി വനിത.

ഓമനകഞ്ഞമ്മ

10.ലോക സിനിമയുടെ മക്ക എന്നറിയപ്പെടുന്ന കാൻ ഫെസ്റ്റിവലിന്റെ റെഡ് കാർപ്പെറ്റിന്റെ ആദരിക്കപ്പെട്ട ആദ്യ മലയാളി വനിത.

പാർവതി ഓമനക്കുട്ടൻ

11. ആന്ധ്രാപ്രദേശിൽ ചീഫ് സെക്രട്ടറി ആയ ആദ്യ മലയാളി വനിത.

സതി നായർ

12.ഏഷ്യാഡിൽ സ്വർണം നേടിയ ആദ്യ മലയാളി വനിത.

എം. ഡി. വൽസമ്മ

13.ഇന്ത്യൻ മർച്ചന്റ് നേവിയിൽ ക്യാപ്റ്റൻ പദവിയിലെത്തിയ ആദ്യത്തെ വനിത.

രാധിക മേനോൻ

14.സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ കേരളീയ നൃത്തനാട്യ പുരസ്കാരം ആദ്യമായി നേടിയ നർത്തകി.

കലാമണ്ഡലം സത്യഭാമ

15.ഇന്ത്യയിൽ ഏറ്റവും വലിയ സമ്മാനതുകയുള്ള സാഹിത്യ പുരസ്കാരമായ സരസ്വതി സമ്മാൻ ലഭിച്ച ആദ്യത്തെ മലയാള സാഹിത്യകാരി.

ബാലാമണിയമ്മ

16.ഒളിംപിക്സ് ഫൈനലിലെത്തിയ ആദ്യ ഇന്ത്യൻ  വനിത.

പി. ടി. ഉഷ

17.ഇന്ത്യക്ക് വേണ്ടി സ്വർണം നേടിയ ആദ്യ മലയാളി വനിത.

മഹിത മോഹൻ

18.കേരളത്തിലെ ആദ്യത്തെ വനിത വൈറസ് ചാൻസലർ.

ഡോ. ജാൻസി ജെയിംസ്

19.ദേശീയ സുരക്ഷാ ഉപദേശക സമിതിയിലേക്കു തിര ഞ്ഞെടുക്കപ്പെട്ട ആദ്യത്തെ വനിത.

ഡോ. മീനാക്ഷി ഗോപിനാഥ്

*Nitheesh 9C*

# പൊതുവിജ്ഞാനം

1. കേരള നിയമസഭയിലെ ആദ്യ സ്പീക്കർ ?

ആർ. ശങ്കരനാരായണൻ തമ്പി

2. കേരളത്തിലെ പ്രഥമ ധനകാര്യ മന്ത്രി ?

സി. അച്യുതമേനോൻ

3. കേരള മുഖ്യമന്ത്രിയായ ആദ്യ കോൺഗ്രസ് ?

ആർ. ശങ്കർ

4. ഗവർണറായ ആദ്യ മലയാളി ?

വി. പി. മേനോൻ

5. കേരളത്തിൽ ആദ്യമായി വൈദ്യുതീകരിച്ച നഗരം ?

തിരുവനന്തപുരം

6. കേരളത്തിൽ മന്ത്രിയായ ആദ്യ വനിത ?

കെ. ആർ. ഗൗരി

7. കേരളത്തിലെ ആദ്യത്തെ പ്രതിപക്ഷനേതാവ്

പി. ടി. ചാക്കോ

8. തിരു- കൊച്ചിയിലെ ആദ്യത്തെ മുഖ്യമന്ത്രി ?

പറവൂർ ടി. കെ നാരായണപിള്ള

9. കേരളത്തിലെ ആദ്യത്തെ ആദ്യത്തെ ആക്ടിങ് ഗവർണർ ?

പി. എസ് റാവു

10. വില്ലുവണ്ടി സമരം നയിച്ചതാര് ?

അയ്യങ്കാളി

ജെനി 9A

# കേരളചരിത്രം ക്വിസ്



1. പ്രാചീന കേരളത്തെപ്പറ്റി അറിവുനൽകുന്ന സംഘകാല സാഹിത്യകൃതികളിലൊന്നായ ഈ കൃതിയിൽ പത്തു ചേര രാജാക്കൻമാരെക്കുറിച്ച് പ്രതിപാദിക്കുന്നു. കൃതിയേത് ?

പതിറ്റുപത്ത്

2 . തിരുവിതാംകൂർ ദിവാനായ ആദ്യ ബ്രിട്ടീഷുകാരൻ ?

കേണൽ ജോൺ മൺറോ

3 . തിരുവിതാംകൂറിലെ ധനമന്ത്രിമാർ ഏതു പേരിലാണ് അറിയപ്പെട്ടിരുന്നത് ?

മുളകുമടിശ്ശീലക്കാർ

4 . തിരുവിതാംകൂറിൽ ആദ്യമായി ഭൂസർവേ നടത്തിയ രാജാവ് ?

മാർത്താണ്ഡവർമ്മ

5.ഭാരതപ്പുഴയുടെ തീരത്ത് തിരുനാവായയിൽ പന്ത്രണ്ടു കൊല്ലത്തിലൊരിക്കൽ നടന്നിരുന്ന പ്രാചീന ഉൽസവം ?

മാമാങ്കം

6. തിരുവിതാംകൂറിലെ ആദ്യ വനിത ഭരണാധികാരി ?

റാണി ഗൗരി ലക്ഷ്മിഭായി

7. മലയാളലിപി ആദ്യമായി അച്ചടിച്ച ഗ്രന്ഥം ?

ഹോർത്തൂസ് മലബാറിക്കസ്

8. കൊച്ചിയിലെ ബോൾഗാട്ടി പാലസ് പണികഴിപ്പിച്ചതാരാ ?

ഡച്ചുകാർ

9. തിരുവിതാംകൂറിൽ മരച്ചീനിക്കൃഷി പ്രചരിപ്പിച്ച രാജാവാര് ?

വിശാഖം തിരുനാൾ

# അനുഭവക്കുറിപ്പ്

kite-ന്റെ ഭാഗമായ little kites-ൽ ഞാൻ 8-ൽ പഠിക്കുമ്പോഴാണ് അംഗമായത്. അന്ന് ഒരു പരീക്ഷ വഴിയാണ് എന്നെ തിരഞ്ഞെടുത്തതെങ്കിലും എനിക്കതിലെ ഒരു കാര്യവും ശരിയായ വിധത്തിൽ ഉപയോഗിക്കാൻ അറിയില്ലായിരുന്നു.അതിലുപരി ഇതിലെ ഒരു അംഗമായതിൽ ഇപ്പൊഴാണ് ഞാൻ അഭിമാനിക്കുന്നത്. ഇന്നത്തെ കുട്ടികൾ Smart phone, Computer, Tablet മുതലായവ തെറ്റായ വിധത്തിൽ ഉപയോഗിക്കുമ്പോൾ ഇതുപോലെയുള്ള ക്ലബുകൾ ഉൾപ്പെട്ടതിനുശേഷം ആണ് അതിനെ കുറിച്ചുള്ള നല്ല കാര്യങ്ങൾ മനസ്സിലാക്കുവാൻ എനിക്കും എന്റെ കൂട്ടുകാർക്കും ബോധ്യപ്പെട്ടത്. എനിക്ക് ഇതുവഴി പകർന്നു കിട്ടിയ നല്ല കാര്യങ്ങൾ ഒട്ടും തടസ്സമില്ലാതെ പറഞ്ഞു കൊടുക്കുവാനോ അല്ലെങ്കിൽ അതിനെ കുറിച്ച് പഠിപ്പിക്കുവാനോ എളുപ്പത്തിൽ സാധിക്കുന്നു. Little kites അംഗമാണെന്ന നിലയിൽ ഞാൻ അഭിമാനിക്കുന്നു. എനിക്ക് ഇതിൽ നിന്ന് കൂടുതൽ കാര്യങ്ങൾ അറിയാനും പഠിക്കാനും സാധിക്കുന്നു. ഇന്നത്തെ ആധുനിക യുഗത്തിലെ സംവിധാനങ്ങളെ കൂടുതൽ

അറിയാനും അത് ശരിയായ വിധത്തിൽ ഉപയോഗിക്കാനും സാധിക്കുന്നു. ഈ ക്ലബ് നമ്മുടെ ജീവിതത്തിലെ ആദ്യ ചവിട്ടുപടിയായി മാറുകയും ഭാവിയിൽ IT മേഖലയിൽ കൂടുതൽ കഴിവ് പ്രകടിപ്പിക്കാനും സാധിക്കുന്നതാണ്. ആധുനിക യുഗത്തിലെ ഒരു പ്രധാന ഘടകമാണ് Internet. Internet -ലെ പല ഉപയോഗങ്ങളും മറ്റും ഇതിലൂടെ കൂടുതൽ മനസിലാക്കാൻ സാധിക്കുന്നു

LITTLE KITES -ന്റെ ഭാഗമായി മൂന്നുതവണ ഏക ദിന ക്യാമ്പുകൾ നടത്തുകയുണ്ടായി. അതിലൂടെ തന്നെ വ്യക്തിപരമായി പന്നെ ഒരാൾക്ക് തന്റെ നിലവാരം എത്രത്തോളമാണെന്ന് മനസ്സിലാക്കാൻ സാധിക്കുന്നു. ആ ഒരു നിലവാരം മനസ്സിലാക്കാനും ഇതിലോട്ട് എന്റെ കഴിവുകൾ വളർത്തിയെടുക്കുവാനും കൂടുതൽ ഉപയോഗപ്രദമായി. കൂടാതെ 2 ദിവസം വർക്കലയിൽ വച്ചു നടന്ന ക്യാമ്പിലൂടെ എല്ലാവരും എത്രത്തോളം മനസ്സിലാക്കിയെന്നും കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കുന്നതിനും അത് സഹായിച്ചു. എങ്ങനെയെന്ന് നമുക്ക് ഈ ആധുനിക ലോകത്തോട്

പൊരുത്തപ്പെടണമെന്ന് മനസ്സിലാക്കാനും കൂടാതെ

അതിനെ കുറിച്ച് കൂടുതൽ മനസ്സിലാക്കാനും സാധിച്ചു.

***Midhun 9B***

# വന്യജീവി സംരക്ഷണ നിയമം




1972-ലെ വന്യജീവി സംരക്ഷണ നിയമം വന്യജന്തുക്കൾക്കും വസസ്യങ്ങൾക്കും സംരക്ഷണംനൽകുന്നു. സംരക്ഷണം നൽകുന്ന വന്യജന്തുക്കളുടെ പട്ടികകളും വനസസ്യങ്ങളുടെ ഒരു പട്ടികയും പ്രസ്തുത നിയമത്തിലുണ്ട്. ഓരോ പട്ടികയിലും ധാരാളം ജന്തുക്കളുടെ പേരുകളുണ്ട്. ആന, സിംഹം, മാൻ, പലയിനം കുരങ്ങുകൾ, കണ്ടാമൃഗം, മയിൽ, തത്ത മുതലായ പക്ഷിമൃഗാദികളും മൂർഖൻ മുതലായ ഉരഗങ്ങളും പട്ടികയിൽ ഉൾപ്പെടും. പട്ടികയിലെ മൃഗങ്ങളുടെ ശരീരഭാഗങ്ങൾ. ഉദാ: ആനവാൽ, പുലിനഖം മുതലിനഖം മാതലായവ ക്രയവിക്രയംചെയ്യുന്നത് പരിപപൂർണമായും നിരോധിച്ചിരിക്കുകയാണ്. വാരിക്കുഴിവെച്ച് ആനപിടുത്തം ഇനി പാടില്ല.

# കേരളത്തിലെ മുഖ്യമന്ത്രിമാർ

| മുഖ്യമന്ത്രി | കാലാവധി |
|---|---|
| ഇ.എം.എസ് നമ്പൂതിരിപ്പാട് | 1957-1959 |
| പട്ടം എ താണുപിള്ള | 1960-1962 |
| ആർ.ശങ്കർ | 1962-1964 |
| ഇ.എം.എസ് നമ്പൂതിരിപ്പാട് | 1967-1969 |
| സി.അച്യുതമേനോൻ | 1969-1970 |
| കെ.കരുണാകരൻ | 1977-1977 |
| എ.കെ ആന്റണി | 1977-1978 |
| പി.കെ വാസുദേവൻ നായർ | 1978-1979 |
| സി.എച്ച് മുഹമ്മദ് കോയ | 1979-1979 |
| ഇ.കെ നായനാർ | 1980-1981 |
| കെ.കരുണാകാരൻ | 1982-1987 |
| കെ.കരുണാകരൻ | 1982-1987 |
| ഇ.കെ നായനാർ | 1987-1991 |
| കെ.കരുണാകരൻ | 1991-1995 |

| | |
|---|---|
| എ.കെ ആന്റണി | 1995-1996 |
| ഇ.കെ നായനാർ | 1996-2001 |
| എ.കെ ആൻറണി | 2001-2004 |
| ഉമ്മൻ ചാണ്ടി | 2004-2006 |
| വി.എസ് അച്യുതാനന്ദൻ | 2006-2011 |
| ഉമ്മൻ ചാണ്ടി | 2011-2016 |
| പിണറായി വിജയൻ | 2016 തുടരുന്നു |

# എന്റെ ലോകം



മരങ്ങളും ചെടികലും
പൂക്കളും പല
മേൻമയിലുള്ള
മൃഗങ്ങളും പക്ഷികളും നിറഞ്ഞ എത്ര
മനോഹരമാണ് നമ്മുടെ പ്രകൃതി നാം
കാണുന്ന ഈ ലോകം എത്ര സുന്ദരവും
സാഹോദര്യവും നിറഞ്ഞതാണ്
എന്നത് നമുക്ക് അനുഭവിച്ച്
ആസ്വദിക്കാൻ കഴിയും . കാരണം
എത്ര മനോഹാരിതമാണ് നമ്മുടെ
പ്രകൃതി നമുക്ക് എത്ര സഹായകമാണ്
നാം കാണുന്ന ലോകം നമ്മൾ
അതിനെ ചൂഷണം ചെയ്യാതെ

പരിപലിക്കുകയാണ് വേണ്ട്
നീരുറവയായി ഒഴുകുന്ന ശുദ്ധജ
ജലത്തിന്റെ സ്വരം ശ്രവിക്കാൻ നല്ല
രസമാണ് പക്ഷികളുടെ ചിലക്കലും
മരച്ചില്ലകളുടെ ശബ്ദവും കേൾക്കാൻ
കഴിയും   സന്തുഷ്ടമായ
ഫലവൃക്ഷങ്ങളും ഔഷധചെടികളും
ഒക്കെ ഉള്ളതാണ് നമ്മുടെ പ്രകൃതി. മഴ
പെയ്ത് കഴിയുമ്പോൾ ആകാശത്ത്
നോക്കിയാൽ പലനിറങ്ങൾ ഉള്ള
മഴവില്ല് കാണാം പ്രകൃതിയുടെ
മനോഹരിത കാണാൻ കഴിയുന്ന ത്
ദൈവം തന്ന ഭാഗ്യമാണെന്ന് നമ്മുടെ
ജീവിതത്തിൽ മറക്കാൻ കഴിയാത്ത
അനുഭവമാണ്   കരുതണം

സ്നേഹത്തിന്റെയും സഹവർ

ത്തനത്തിന്റെയും നൻമയുടെയും ഒക്കെ

ആയതാണ് നമ്മുടെ ലോകം .ഒരു സൂര്യ

ഉദയവും അസ്തമയവും നാം കാണണം .

അത് നമ്മുടെ ജീവിതത്തിൽ മറക്കാൻ

കഴിയാത്ത അനുഭവമാണ്

# OH WUHAM

Oh! Wuham, poor wuham
You stand a sorry figure today,
A fear, a shudder for all man
That's for all mankind to say.

Sweeping across the hills and plains
Touching and nearing continents
Filled with horror aches and pains

Oh! Coronavirus without a fence.

Infants, chidren,young and old,
All in the grip of aching fever
Standing now then falling cold
Can science oh man be a life giver.

Nurses, doctors, staff like gin,
Run hither and thither to and fro
To rest and sit for them a sin

Can they crane for peace, no oh! no.Lord.

Written by

Fernandes Margaret James

English teacher

Now has come the time for us

*To join our hands and play to god*

Call upon the Saviour make no full

Full help is only in him,your Lord.

Written by

Fernandes Margaret James

English teacher

# *REVIEW*

It is a review of a popular novel 'THE ADVENTURES OF TOM SAWYER' written by Mark Twain, a famous American author.

The Adventures of Tom Sawyer is a great book to read for anyone who loves classic stories. It is about a naughty boy named Tom doing a lot of mischievous tricks and risky adventures. He has a brother named Sid and a sister named Mary. Aunt

Polly, who takes care of Tom, loves him even though he is a firebrand. Huckberry Finn, whose nickname is Huck, is Tom's best friend as well as the partner in all of his adventures.

Besides going on adventures, Tom also likes to tricks the children to do his white washing [ putting new coat of paint on his aunt's fence ] and trade his trinkets for the tickets that can be used to trade in for the

Bible to impress the new girl, Becky Thatcher.

I'd like to highlight the main scenes, which besides the whitewashed fence, include the sunday school episode, Tom and his friend Becky Thatcher getting lost in a cave, the graveyard scene with Tom and Huck Finn, Tom and Huck witnessning a murder, and their association with Injun Joe, followed by their hunt for his treasure. Each scene ties in with the

overall story, building a vibrant picture of the lives of the various characters in the book.


The overall tone of the book is obviously humorous.For children reading the book, the adventures are quite exciting.

‘The Adventures Of Tom Sawyer’ has stood the test of time because Twain’s perceptive and humorous portrayel of the young boy is so perfect and so universal.

# Written by


**Sandeep 9A**

AURA



***Bijo Belarmine 10A***


**Carol Elvin Fernandez 6A**






*Bijo Belarmine 10A*

AURA









***Sandeep 9A***

# സംസ്ഥാന കരാട്ടെ ജേതാവ്

# ,സാനിയ സോളമൻ




സംസ്ഥാന സ്കൂൾ കായികോത്സവത്തിൽ
ലോങ്ങ് ജംബിൽ മികച്ച പ്രകടനം നേടി
തിരുവനന്തപുരം ജില്ലയ്ക്ക്
അഭിമാനമായ അഞ്ചുതെങ്ങ് സെന്റ് ജോസഫ്സ്
ഹയർ സെക്കൻഡറി സ്കൂളിലെ
ഒമ്പതാം ക്ലാസ് വിദ്യാർത്ഥി
ഷാരോൺ. എസിന്
ROSGA TRIVANDRUM 2019
ഒരായിരം
അഭിനന്ദനങ്ങൾ
സ്കൂളിനെ ഈ മികച്ച നേട്ടത്തിലേയ്ക്ക്
നയിച്ച കായികാധ്യാപിക
സ്റ്റെഫി ടീച്ചറിനും പ്രത്യേക
അഭിനന്ദനങ്ങൾ



Midhun 9B


സെന്റ് ജോസഫ്സ് ഹയർ സെക്കണ്ടറി സ്കൂൾ
അഞ്ചുതെങ്ങ്, ഫോൺ 0470-2657900, 2659700 ഇ-മെയിൽ: st.josephshssanj@gmail.com
Christ PARALLEL COLLEGE
Admission begins for +1 Humanities Course
ST. XAVIER'S COMPUTER ACADEMY
2019 ജൂൺ 26 -ാം തീയതി
ലഹരി വിരുദ്ധ ദിനാചരണം
T.S.S.S & ST. JOSEPH'S SCHOOL
CHC NHM
സംയുക്തമായി




*Golden Jubilee Foot ball Cup*



കരാട്ടെ പരിശീലനം



## പ്രതിഭയ്ക്കൊപ്പം


നന്ദി